10
2025
ആഗസ്റ്റ്
ഞായർ
കർക്കിടകം 25

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-6, Issue No. 205 Page 4, | Price: Rs. 2 | പുസ്തകം-6 ലക്കം-205 | പേജ് 4. വില 2.00 രൂപ




02 പ്രവാസികളുമായി കൈകോർത്ത് ഹോർട്ടികൾച്ചർ വിപ്ലവം

03 കുൽഗാമിൽ ഏറ്റുമുട്ടൽ; രണ്ട് സൈനികർക്ക് വീരമൃത്യു

04 അംഗീകാരമില്ലാത്ത 334 പാർട്ടികളെ ഒഴിവാക്കി തെരഞ്ഞെടുപ്പ് കമ്മീഷൻ

# ന്യൂനപക്ഷങ്ങളുടെ ഭരണഘടനാ അവകാശങ്ങൾ ലംഘിക്കപ്പെടുന്നു: സിബിസിഐ

ന്യൂഡൽഹി: ഒഡീഷയിലെ ജലേശ്വറിൽ വൈദികർക്കും കന്യാസ്ത്രീകൾക്കും മതബോധന അധ്യാപകനും ബജ്‌രംഗ്ദൾ പ്രവർത്തകരിൽനിന്നു നേരിട്ട ആക്രമണത്തെ അപലപിച്ച് ഭാരത കത്തോലിക്കാ മെത്രാൻ സമിതി (സിബിസിഐ).

ഒഡീഷയിലേത് ഒറ്റപ്പെട്ട സംഭവമല്ല. മറിച്ച് ക്രൈസ്തവ ന്യൂനപക്ഷത്തിനെതിരേ രാജ്യത്ത് വർധിച്ചുവരുന്ന അസഹിഷ്ണുതയുടെ പ്രതിഫലനമാണ്.

ദേശവിരുദ്ധ സംഘടനകളുടെ നേതൃത്വത്തിലുണ്ടാകുന്ന ഇത്തരം സംഭവങ്ങൾ ന്യൂനപക്ഷങ്ങളുടെ ഭരണഘടനാ അവകാശങ്ങളുടെയും മാനുഷിക അന്തസിന്റെയും നഗ്നമായ ലംഘനമാണ്.

ന്യൂനപക്ഷങ്ങൾക്കു നേരേ വർധിച്ചുവരുന്ന ആൾക്കൂട്ട ആക്രമണം എല്ലാ സമുദായങ്ങളുടെയും സുരക്ഷയ്ക്കും സമാധാനപരമായ സഹവർത്തിത്വത്തിനും ഭീഷണിയാണെന്നും സിബിസിഐ ചൂണ്ടിക്കാട്ടി. എല്ലാ ന്യൂനപക്ഷ സമുദായങ്ങളുടെയും സംരക്ഷണം ഉറപ്പുവരുത്തണം. ഭരണഘടന ഉറപ്പുനൽകുന്ന അവകാശങ്ങൾ സംരക്ഷിക്കാൻ ഭരണാധികാരികൾ തയാറാകണം.

ആക്രമണത്തിനു പിന്നിലെ കുറ്റവാളികളെ കണ്ടെത്തി നിയമത്തിനു മുന്നിൽ കൊണ്ടുവരണമെന്നും സിബിസിഐ ആവശ്യപ്പെട്ടു. നിലവിലെ സാഹചര്യം സൂക്ഷ്മമായി നിരീക്ഷിച്ചുവരികയാണെന്നും എല്ലാ പൗരന്മാരുടെയും അവകാശ സംരക്ഷണത്തിന് ഉറച്ചു നിൽക്കുമെന്നും സിബിസിഐ വ്യക്തമാക്കി.

## ജയിൽ ചട്ടങ്ങൾ ലംഘിച്ച് റീൽസെടുത്തു: ജിം സന്തോഷ് കൊലക്കേസിലെ വിചാരണ തടവുകാർക്കെതിരേ കേസെടുത്തു

കരുനാഗപ്പള്ളി: ജിം സന്തോഷ് കൊലക്കേസിലേ വിചാരണ തടവുകാരായ അതുൽ, മനു എന്നിവർ ജയിൽ ചട്ടങ്ങൾക്ക് വിരുദ്ധമായി വീഡിയോ ദൃശ്യങ്ങൾ പകർത്തി റീൽസ് ആക്കി സമൂഹ മാധ്യമങ്ങളിലൂടെ പ്രചരിപ്പിച്ച സംഭവത്തിൽ എട്ട് പ്രതികൾ അറസ്റ്റിലായി.

ഓച്ചിറ അമ്പലശേരിയിൽ അമ്പാടി (24), മരു.തെക്ക് റോഷ് ഭവനത്തിൽ റോഷൻ (38), ഓച്ചിറ ശ്രീകൃഷ്ണ വിലാസത്തിൽ അനന്തകൃഷ്ണൻ(24), ഓച്ചിറ കൊച്ചുപുര കിഴക്കതിൽ അജിത്(28), മഠത്തിൽ കാരായ്മ പഞ്ചകതറയിൽ ഹരികൃഷ്ണൻ(26), മഠത്തിൽ കാരായ്മ ദേവസുധയിൽ ഡിപിൻ(26), മണപ്പള്ളിയിൽ തണ്ടളത്ത് മനോഷ് (36), വള്ളികുന്നത്ത് അഖിൽ ഭവനത്തിൽ അഖിൽ (26) എന്നിവരാണ് കരുനാഗപ്പള്ളി പോലീസിന്റെ പിടിയിലായത്.

ജൂലൈ 28ന് കരുനാഗപ്പള്ളി ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ വിചാരണക്കായി ജിം സന്തോഷ് വധക്കേസിലെ പ്രതികളെ എത്തിച്ചപ്പോഴായിരുന്നു സംഭവം . നിരോധിത ഉത്പന്നങ്ങൾ വിചാരണ തടവുകാർക്ക് പ്രതികൾ കൈമാറിയിരുന്നു.

ഇവർ പകർത്തിയ ദൃശ്യങ്ങൾ റീൽസായി സമൂഹമാധ്യമങ്ങളിലൂടെ പ്രചരിപ്പിച്ച് സമൂഹത്തിന് അപകടകരമായ സന്ദേശം നൽകിയെന്ന് കരുനാഗപ്പള്ളി ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി പറഞ്ഞിട്ടുണ്ട്. പരാതിയുടെ അടിസ്ഥാനത്തിൽ കരുനാഗപ്പള്ളി പോലീസ് വിഡിയോ ചിത്രീകരിച്ച് പ്രചരിപ്പിച്ചവർക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് പിടികൂടുകയായിരുന്നു.

## ഇന്ത്യയിലെ ന്യൂനപക്ഷം വിദേശത്തേക്ക് പോകണോ; വിമർശനവുമായി താമരശേരി രൂപത ബിഷപ്പ്

കോഴിക്കോട്: ഒഡീഷയിൽ കന്യാസ്ത്രീകൾക്കും വൈദികർക്കുനേരെയുള്ള ആക്രമണത്തിൽ രൂക്ഷ വിമർശനവുമായി താമരശേരി രൂപത ബിഷപ്പ് മാർ റെമിജിയോസ് ഇഞ്ചനാനിയിൽ.

ഇന്ത്യയിലെ ന്യൂനപക്ഷം വിദേശ രാജ്യത്തേക്ക് പോകണോ, ക്രിസ്ത്യാനികൾ യൂറോപ്പിലേക്ക് പോകണോയെന്നും ബിഷപ്പ് ചോദിച്ചു.

ക്രിസ്ത്യൻ പ്രവർത്തകർക്കുനേരെ ആക്രമണം തുടരുകയാണ്. പാക്കിസ്ഥാനിൽ ന്യൂനപക്ഷ ആക്രമണം നടക്കുന്നുവെന്ന് പറഞ്ഞു കേന്ദ്രം നിയമം നിർമിച്ചു ഹിന്ദുക്കൾക്ക് പൗരത്വം നൽകിയെന്നും അദ്ദേഹം പറഞ്ഞു. സൗര വേലി വാഗ്ദാനം നടപ്പിലാക്കാത്തതിനെതിരെ ഫോറസ്റ്റ് ഓഫിസിലേക്ക് നടത്തിയ മാർച്ച് ഉദ്ഘാടനം ചെയ്യുകയായിരുന്നു ബിഷപ്പ്. ഫോറസ്റ്റ് ഓഫിസിന് മുന്നിൽ സാരി വേലി കെട്ടിയാണ് പ്രതിഷേധിച്ചത്. പ്രതിഷേധമാർച്ച് റേഞ്ച് ഫോറസ്റ്റ് ഓഫീസിന് മുന്നിൽ പോലീസ് തടഞ്ഞു. ഉദ്ഘാടന പ്രസംഗത്തിൽ വനംമന്ത്രി എ. കെ. ശശീന്ദ്രനെതിരെയും ബിഷപ്പ് രൂക്ഷ വിമർശനം ഉന്നയിച്ചു. സർക്കാരിനെതിരെ നിസഹകരണ സമരം നടത്തും. ജയിൽ നിറക്കാനും മടിയില്ല. തെരഞ്ഞെടുപ്പ് വരുന്നത് ഓർക്കണം. വനം വകുപ്പിനെതിരെ കിറ്റ് വനം വകുപ്പ് സമരം നടത്തുമെന്നും ബിഷപ്പ് പറഞ്ഞു.

### യന്ത്രവൽകൃത ഉൾനാടൻ ജലയാനങ്ങളുടെ രജിസ്ട്രേഷൻ 31 വരെ നീട്ടി

കേരളത്തിലെ യന്ത്രവൽകൃത ഉൾനാടൻ ജലയാനങ്ങളുടെ രജിസ്ട്രേഷൻ-സർവേ നടപടിക്കായി അപേക്ഷിക്കാനുള്ള തീയതി ആഗസ്റ്റ് 31 വരെ നീട്ടി. എല്ലാ യന്ത്രവൽകൃത യാനങ്ങളും രജിസ്ട്രേഷൻ സർവേ നടപടികൾ കൃത്യമായി പൂർത്തിയാക്കണം.രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഇല്ലാത്ത എല്ലാ യാനങ്ങൾക്കും പിഴ ഈടാക്കുമെന്നും സർവീസ് യോഗ്യമല്ലാത്തവ പിടികൂടി നശിപ്പിക്കുമെന്നും കേരളാ മാരിടൈം ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറയിച്ചു.

## ഡോ. ഹാരിസിനെതിരായ അന്വേഷണം അവസാനിപ്പിക്കുന്നു

### ഇന്ന് ജോലിയിൽ പ്രവേശിച്ചേക്കും

തിരുവനന്തപുരം: മെഡിക്കൽ കോളജുമായി ബന്ധപ്പെട്ട വിവാദങ്ങൾ തുടരുന്നതിനിടെ മെഡിക്കൽ ലീവിലായിരുന്ന ഡോ. ഹാരിസ് ഇന്ന് തിരികെ ജോലിയിൽ പ്രവേശിച്ചേക്കും. ഡോ. ഹാരിസിനെതിരായ അന്വേഷണം സർക്കാർ അവസാനിപ്പിക്കുന്ന പശ്ചാത്തലത്തിലാണ് തിരികെ ജോലിയിൽ പ്രവേശിക്കുന്നത്.

ഒരാഴ്ചത്തെ അവധിക്കുശേഷമാണ് ഡ്യൂട്ടിയിൽ പ്രവേശിക്കുന്നത്. ഇതോടെ ഉപകരണം കാണാതായതിൽ കൂടുതൽ അന്വേഷണം ഉണ്ടാവില്ല. അസ്വാഭാവികമായി പെട്ടി കണ്ടെത്തിയതിലും സിസിടിവി ദൃശ്യത്തിലും പോലീസ് അന്വേഷണമുണ്ടാകില്ല.

ഹാരിസിനെതിരെ നടപടിയുണ്ടാവില്ലെന്ന് കെജിഎംസിടിഎയ്ക്ക് ആരോഗ്യ മന്ത്രി ഉറപ്പ് നൽകി. മെഡിക്കൽ കോളജിലെ ഡോക്ടർമാരുടെ സൗകര്യങ്ങളിൽ പഠനം വേണമെന്ന് കെജിഎംസിടിഎ ആവശ്യപ്പെട്ടു. ആരോഗ്യ മന്ത്രിയുമായി കെജിഎംസിടിഎ പ്രതിനിധികൾ ചർച്ച നടത്തും. ഉപകരണം കാണാതായതിൽ അന്വേഷണത്തിന് പ്രസക്തിയില്ലെന്നും സംഘടന പറഞ്ഞു.

ഹിരിസ് അന്വേഷണ സമതിക്ക് വിശദീകരണം എഴുതി നൽകും. ഉപകരണങ്ങൾ കാണാതായതിൽ എംഇ തിങ്കളാഴിച്ച റിപ്പോർട്ട് നൽകും.

## ഓപ്പറേഷൻ സിന്ദൂർ: പാക്കിസ്ഥാന്റെ ആറ് വിമാനങ്ങൾ തകർത്തെന്ന് വ്യോമസേന

ന്യൂഡൽഹി: ഓപ്പറേഷൻ സിന്ദൂറിനിടെ ഇന്ത്യ അഞ്ച് യുദ്ധ വിമാനങ്ങളക്കം പാക്കിസ്ഥാന്റെ ആറ് വിമാനങ്ങൾ തകർത്തെന്ന് വ്യോമസേന മേധാവി എയർമാർഷൽ എ. പി. സിംഗ്.

പാക്കിസ്ഥാന് സംഭവിച്ച നാശനഷ്ടങ്ങളുടെ എണ്ണം സംബന്ധിച്ച് വ്യോമസേനയുടെ ഉന്നത റാങ്കിൽ നിന്നുള്ള ആദ്യ സ്ഥിരീകരണമാണിത്.

അഞ്ച് യുദ്ധ വിമാനങ്ങൾ കൂടാതെ പാക്കിസ്ഥാന്റെ ഒരു വ്യോമാക്രമണ മുന്നറിയിപ്പ് വിമാനമാണ് തകർത്തിട്ടുള്ളതെന്ന് ഐഎഎഫ് മേധാവി പറഞ്ഞു. ബംഗളൂരുവിൽ നടന്ന ഒരു പരിപാടിയിലാണ് വ്യോമസേനാ മേധാവിയുടെ വെളിപ്പെടുത്തൽ.

ഇന്ത്യയുടെ കൈവശമുള്ള റഷ്യയുടെ എസ്-400 വ്യോമപ്രതിരോധ സംവിധാനമാണ് പാക് വിമാനങ്ങളെ തകർത്തതെന്നും അദ്ദേഹം വ്യക്തമാക്കി.

### മദ്യപാനം; കൊടി സുനി ഉൾപ്പടെയുള്ളവർക്കെതിരെ കേസ്

കണ്ണൂർ: കോടതിയിൽ ഹാജരാക്കാൻ കൊണ്ടുപോയപ്പോൾ കൊടി സുനിയടക്കം പരസ്യമായി മദ്യപിച്ച സംഭവത്തിൽ കേസെടുത്തു. കൊടി സുനി, മുഹമ്മദ് ഷാഫി, ഷിനോജ് എന്നിവർക്കെതിരെയാണ് കേസെടുത്തത്.

കഴിച്ചത് മദ്യം ആണെന്ന് തെളിയിക്കാൻ കഴിയാതെ കേസ് നിൽക്കില്ലെന്നായിരുന്നു തലശേരി പോലീസിന്റെ വാദം. എന്നാൽ, കണ്ണൂരിൽ പോലീസ് ഉദ്യോഗസ്ഥരുമായി കൂടിക്കാഴ്ച നടത്തിയ ഡിജിപി റവാഡ ചന്ദ്രശേഖർ സംഭവം സേനയ്ക്ക് വലിയ നാണക്കേടുണ്ടാക്കിയെന്ന് വിലയിരുത്തിയിരുന്നു.

ആർഎസ്എസ് പ്രവർത്തകരായ വിജിത്ത് (28), ഷിനോജ് (29) എന്നിവരെ കൊന്ന കേസിൽ കഴിഞ്ഞ മാസം 17-ന് തലശേരി അഡീഷണൽ ജില്ല കോടതിയിൽ ഹാജരാക്കാൻ കൊണ്ടുവന്നപ്പോഴാണ് സംഭവം. കോടതിയിൽനിന്ന് വരുന്ന വഴിയാണ് കൊടി സുനി അടക്കമുള്ള പ്രതികൾ മദ്യം കഴിച്ചത്.

## ഒപ്റ്റോമെട്രിയുടെ മറവിൽ തട്ടിപ്പ്; കണ്ണാശുപത്രിയിലെ ജീവനക്കാരൻ അറസ്റ്റിൽ

പേരൂർക്കട: കണ്ണിന്റെ പ്രശ്നങ്ങൾ കണ്ടെത്തി പഠിക്കുന്ന ശാസ്ത്രശാഖയായ ഒപ്റ്റോമെട്രിയുടെ മറവിൽ പണം തട്ടിയ സംഭവത്തിൽ കണ്ണാശുപത്രിയിലെ ജീവനക്കാരൻ അറസ്റ്റിൽ.

കൊല്ലം ശാസ്താംകോട്ട മുതുപിലാകാട് പടിഞ്ഞാറ് എംടിഎംഎം കണ്ണാശുപത്രിക്കു സമീപം പ്ലാവിളയിൽ ജി. പ്രവീൺ (44) ആണ് അറസ്റ്റിലായത്. 2024ലാണ് കേസിന്നാസ്പദമായ സംഭവം.

തിരുവനന്തപുരം പിഎംജിയിൽ പ്രവർത്തിക്കുന്ന പ്രിസൈസ് ഐ കെയർ പ്രൈവറ്റ് ലിമിറ്റഡിലെ സ്റ്റാഫായിരുന്നു പ്രവീൺ. ഒപ്റ്റോമെട്രി പഠനത്തിന് ആശുപത്രിയിൽ എത്തിച്ചേർന്ന ഏഴ് വിദ്യാർഥികൾ നൽകിയ സെമസ്റ്റർ ഫീസാണ് ഇയാൾ സ്വന്തം അക്കൗണ്ടിലേക്ക് വാങ്ങിയത്. ഫീസ് തുക ആശുപത്രിയുടെ അക്കൗണ്ട് എന്ന വ്യാജേന തന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യിക്കുകയായിരുന്നു പ്രവീൺ.

ഇപ്രകാരം രണ്ട് ലക്ഷം രൂപയാണ് ഇയാൾ തട്ടിയെടുത്തത്. സെമസ്റ്റർ പരീക്ഷയെഴുതാനെത്തിയപ്പോഴാണ് തങ്ങൾ ഫീസടച്ചിട്ടില്ല എന്ന് അധികൃതർ വിദ്യാർഥികളോടു വ്യക്തമാക്കിയത്. തുടർന്നു നടന്ന അന്വേഷണത്തിലാണ് വിദ്യാർഥികൾ ഒടുക്കിയ തുക പ്രവീൺ സ്വന്തം അക്കൗണ്ടിലേക്ക് വാങ്ങി തട്ടിപ്പു നടത്തിയതായി ബോദ്ധ്യപ്പെട്ടത്. പ്രതിയെ കോടതി റിമാൻഡ് ചെയ്തു.






# അമേരിക്കയുടെ അധിക ചുങ്കം കേരളത്തിന്റെ താൽപര്യങ്ങൾക്കും ദേശീയ സമ്പദ്വ്യവസ്ഥക്കും ഗുരുതര ആഘാതം: ധനമന്ത്രി കെ.എൻ. ബാലഗോപാൽ

ഇന്ത്യ ഉൾപ്പെടെയുള്ള രാജ്യങ്ങൾക്കെതിരെ അമേരിക്ക ചുമത്തിയ അധിക ചുങ്കം രാജ്യത്തിന്റെ സാമ്പത്തിക സുരക്ഷയ്ക്കും കേരളത്തിന്റെ കയറ്റുമതി മേഖലകൾക്കും ഗുരുതരമായ തിരിച്ചടിയാകുമെന്ന് ധനമന്ത്രി കെ. എൻ. ബാലഗോപാൽ തിരുവനന്തപുരത്ത് നടത്തിയ പത്ര സമ്മേളനത്തിൽ വ്യക്തമാക്കി.

ആഭ്യന്തര ഉൽപ്പാദന മേഖലകളെ ബാധിക്കുന്ന തരത്തിലുള്ള ഈ നടപടി 'താരിഫ് യുദ്ധ'ത്തിന്റെ ഭാഗമാണെന്നും, തെരഞ്ഞെടുപ്പിന് ശേഷമുള്ള സാമ്പത്തിക തകർച്ച മറികടക്കാൻ അമേരിക്ക സ്വീകരിച്ച ഭ്രാന്തമായ നീക്കമാണിതെന്നും അദ്ദേഹം പറഞ്ഞു.ഇന്ത്യയുടെ ആഭ്യന്തര ഉൽപ്പാദനം, തൊഴിലവസരങ്ങൾ, കയറ്റുമതിവിപണി എന്നിവ നേരിട്ട് ബാധിക്കപ്പെടും. ഈ വിഷയത്തിൽ പ്രധാനമന്ത്രി പറഞ്ഞ കാര്യങ്ങൾ മുഖവിലയ്ക്ക് എടുക്കേണ്ടതാണെന്നും രാജ്യം ഒറ്റക്കെട്ടായി അമേരിക്കൻ നിലപാടിനെ എതിർക്കേണ്ട താണെന്നും ധനമന്ത്രി പറഞ്ഞു.

ഡോണാൾഡ് ട്രംപ് സ്വീകരിച്ച അധിക ചുങ്കനടപടികൾ കേരളത്തിന്റെ പ്രധാന കയറ്റുമതി മേഖലകളായ ചെമ്മീൻ, സുഗന്ധവ്യഞ്ജനങ്ങൾ, ടെക്സ്റ്റൈൽസ്, കശുവണ്ടി, കയർ തുടങ്ങിയവയെ പ്രതികൂലമായി ബാധിക്കും. കോവിഡ് കാലത്തുണ്ടായ സാമ്പത്തിക സമ്മർദ്ദത്തേക്കാൾ ഗുരുതരമായ തിരിച്ചടിയാണ് താരിഫ് യുദ്ധത്തിലൂടെ ഉണ്ടാകാൻ പോകുന്നത്.അതിനൊപ്പം, തീരുവ കുറക്കുന്ന രാജ്യങ്ങളിലെ ഉൽപ്പന്നങ്ങൾ ഇന്ത്യൻ വിപണിയിൽ ശക്തമായ മത്സര സമ്മർദ്ദം സൃഷ്ടിക്കും. ഉദാഹരണത്തിന്, യു.കെ. ആഡംബര കാറുകളുടെ തീരുവ 100 ശതമാനത്തിൽ നിന്ന് 10 ശതമാനമായി കുറച്ചിട്ടുണ്ട്. ഇന്ത്യയുടെ പ്രധാന ജിഎസ്ടി വരുമാന സ്രോതസ്സായ ഓട്ടോമൊബൈൽ മേഖലക്ക് ഇത് വെല്ലുവിളിയാകും. വിദേശ ഉൽപ്പന്നങ്ങൾ ഇന്ത്യയിൽ തന്നെ നിർമ്മിക്കുന്ന സാഹചര്യം ഉണ്ടാകുമ്പോഴേ തൊഴിലവസരങ്ങളും ജീവിത നിലവാരവും മെച്ചപ്പെടുകയുള്ളൂ.

സ്കാൻഡിനേവിയൻ രാജ്യങ്ങളും ഓസ്ട്രേലിയയും ഇന്ത്യയേക്കാൾ വില കുറഞ്ഞ പാലും പാൽ ഉൽപ്പന്നങ്ങളും ഇന്ത്യൻ വിപണിയിൽ എത്തിക്കുന്ന പക്ഷം, ആഭ്യന്തര ക്ഷീരമേഖലയെയും ഗൗരവമായി ബാധിക്കും.സംസ്ഥാന ആരോഗ്യ ഇൻഷുറൻസ് പദ്ധതിയായ മെഡിസെപ്പിന്റെ രണ്ടാം ഘട്ടത്തിൽ പ്രീമിയം 500 രൂപയിൽ നിന്ന് 750 രൂപയായി വർധിപ്പിച്ചതായും ധനമന്ത്രി അറിയിച്ചു. ഒരു ആശുപത്രിയിലെ എല്ലാ വിഭാഗങ്ങളെയും പദ്ധതിയിൽ ഉൾപ്പെടുത്തും. ലോകത്ത് എവിടെയും ലഭ്യമല്ലാത്ത ഇൻഷുറൻസ് പരിരക്ഷയാണ് മെഡിസെപ്പ് നൽകുന്നത്. പരാതികളും നിർദേശങ്ങളും പരിഗണിച്ച് പദ്ധതി കൂടുതൽ മെച്ചപ്പെടുത്തുമെന്നും കെ. എൻ. ബാലഗോപാൽ പറഞ്ഞു.

# പ്രവാസികളുമായി കൈകോർത്ത് സഹകരണ മേഖലയിലൂടെ ഹോർട്ടികൾച്ചർ വിപ്ലവം

## നടപ്പാക്കുക പ്ലാന്റ്, ഓപ്പറേറ്റ് ആൻഡ് ട്രാൻസ്ഫർ' മാതൃകയിൽ

കേരളത്തിലെ പ്രവാസികളുടെ കൈവശമുള്ള ഒഴിഞ്ഞുകിടക്കുന്ന കൃഷിയോഗ്യമായ ഭൂമി പ്രയോജനപ്പെടുത്തി സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ ഉയർന്ന മൂല്യമുള്ള ഹോർട്ടികൾച്ചർ വിളകളുടെ വാണിജ്യ കൃഷി ആരംഭിക്കുന്നു. 'പ്ലാന്റ്, ഓപ്പറേറ്റ് ആന്റ് ട്രാൻസ്ഫർ' (പിഒടി) പദ്ധതിയിലൂടെയാണ് പ്രവാസികളുടെ ഭൂമിയിൽ ഉയർന്ന നിലവാരമുള്ള പഴവർഗ്ഗ തോട്ടങ്ങൾ വളർത്തി വിളവെടുപ്പും വിപണനവും നടത്തി നിശ്ചിത കാലയളവിന് ശേഷം ഭൂമിയും തോട്ടവും ഉടമയ്ക്ക് തിരികെ നൽകുക. ആദ്യഘട്ടമായി ആഗസ്റ്റ് 12 ന് പത്തനംതിട്ട ജില്ലാ അഗ്രിക്കൾച്ചറൽ മാർക്കറ്റിംഗ് സഹകരണ സംഘം 50 ഏക്കറിൽ പദ്ധതിക്ക് തുടക്കമിടും. തുടർന്ന് സംസ്ഥാനത്തെ മറ്റു ജില്ലകളിലേക്കും ഈ മാതൃക വ്യാപിപ്പിക്കും.

പദ്ധതി നടത്തിപ്പ് പൂർണമായും കേരളത്തിലെ പ്രാഥമിക വായ്പാ കാർഷിക സംഘങ്ങളുടെ കീഴിലായിരിക്കും. ഇതിനു സന്നദ്ധമായ ഓരോ സംഘവും കുറഞ്ഞത് ഒരു ഏക്കർ വീതമുള്ള പ്ലോട്ടുകൾ കണ്ടെത്തി കുറഞ്ഞത് അഞ്ചു ഏക്കറിൽ കൃഷി ചെയ്യും. പ്രവർത്തനത്തിനായി സംഘം ഒരു നിശ്ചിത ഷെയർ വഹിക്കും. ബാക്കി സഹകരണ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും പദ്ധതി വിഹിതമായി ലഭ്യമാക്കും. ധനസമാഹരണം, തൊഴിലാളികളുടെ വിന്യാസം, വിപണനം എന്നിവയ്ക്ക് സഹകരണ സംഘങ്ങൾ മേൽനോട്ടം വഹിക്കും. കൃഷി തുടങ്ങി നാലാം വർഷം മുതൽ സംഘത്തിന് വരുമാനം കിട്ടി തുടങ്ങും. അവോക്കാഡോ, ഡ്രാഗൺ ഫ്രൂട്ട്, കിവി, മാംഗോസ്റ്റീൻ, റംബുട്ടാൻ എന്നിവയാണ് പ്രധാനമായി കൃഷി ചെയ്യാൻ ഉദ്ദേശിക്കുന്ന പഴവർഗ്ഗങ്ങൾ. രണ്ടാം വർഷം മുതൽ വിളവെടുപ്പ് ആരംഭിക്കാനാകുന്ന ഈ മരങ്ങൾ 10-15 വർഷം വരെ സ്ഥിരമായ വരുമാനം നൽകും. വിളവെടുപ്പ് നടത്തിയ ഫലങ്ങൾ ആഭ്യന്തര, രാജ്യാന്തര വിപണികളിൽ എത്തിക്കാനായി കോ-ഓപ്പറേറ്റീവ് ഉൽപ്പന്നങ്ങൾ പ്രത്യേക ബ്രാൻഡിംഗ് നടത്തും. ജാം, സ്ക്വാഷ്, ഫ്രോസൺ ഫ്രൂട്ട്, ഡ്രൈ ഫ്രൂട്ട് തുടങ്ങിയവയുടെ മൂല്യവർദ്ധിത യൂണിറ്റുകളും സ്ഥാപിക്കും.

കേരളത്തെ ഹൈവാല്യു ഹോർട്ടികൾച്ചർ ഹബ്ബാക്കി മാറ്റുന്നതിനുള്ള പദ്ധതിയിലൂടെ കൂടുതൽ തൊഴിൽ സൃഷ്ടിക്കുന്നതിനും കയറ്റുമതി വർദ്ധിപ്പിക്കുന്നതിനും പുറമേ കാർഷിക സ്വയംപര്യാപ്തത കൈവരിക്കാനുമാകും. കേരളത്തിന്റെ കാർഷിക,സാമ്പത്തിക വളർച്ചക്കും പ്രവാസികളുടെ ഭൂമിസുരക്ഷയ്ക്കും ഒരുപോലെ പ്രയോജനകരമായ ഈ സംരംഭം സഹകരണ പ്രസ്ഥാനവും പ്രവാസി സമൂഹവുമായുള്ള ബന്ധം ശക്തിപ്പെടും. പ്രവാസി കുടുംബങ്ങൾക്ക് വയോജന പരിപാലനം, സാന്ത്വന പരിചരണം തുടങ്ങിയ ക്ഷേമപരിപാടികളും പിഒടി പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്താൻ സഹകരണ വകുപ്പ് ഉദ്ദേശിക്കുന്നുണ്ട്.

# ലക്ഷദ്വീപ് അധ്യാപകർക്കായി കൈറ്റിന്റെ എ.ഐ. പരിശീലനം തുടങ്ങി

ലക്ഷദ്വീപ് സമൂഹത്തിലെ 9 ദ്വീപുകളിലെ അധ്യാപകർക്ക് കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) ഓൺലൈനായി നടത്തുന്ന ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പരിശീലനത്തിന് തുടക്കമായി. നേരത്തെ കേരളത്തിലെ 80,000 അധ്യാപകർക്കായി കൈറ്റ് നടത്തിയ എ.ഐ. പരിശീലനത്തിന്റെ മൊഡ്യൂൾ പുതുക്കിക്കൊണ്ടും പൊതുജനങ്ങൾക്കായി നടത്തിയ ഓൺലൈൻ എ.ഐ. പരിശീലന പ്ലാറ്റ്ഫോം ഉപയോഗിച്ചുകൊണ്ടുമാണ് പരിശീലനം നടത്തുന്നത്. ഒൻപത് മുതൽ പന്ത്രണ്ടുവരെ ക്ലാസുകളിൽ പഠിപ്പിക്കുന്ന 110 അധ്യാപകരാണ് അഞ്ചു ബാച്ചുകളിലെ ആദ്യ പരിശീലനത്തിൽ പങ്കെടുക്കുന്നത്. 20 അധ്യാപകർക്ക് ഒരു മെന്റർ എന്ന നിലയിൽ ഒരു മാസം കൊണ്ടാണ് പരിശീലനം പൂർത്തിയാക്കുക.അഞ്ചു ഭാഗങ്ങളിലായാണ് കോഴ്സ് ഉള്ളടക്കം ക്രമീകരിച്ചിട്ടുള്ളത്. 'നിർമിത ബുദ്ധി വിരൽതുമ്പിൽ' എന്ന് പേര് നൽകിയിരിക്കുന്ന ആദ്യഭാഗത്ത് നിർമിതബുദ്ധിയുടെ ഏതാനും പ്രായോഗിക ഉപയോഗങ്ങൾ പരിചയപ്പെടുന്നതോടൊപ്പം നിർമിതബുദ്ധിയുടെ ചരിത്രം, വികാസം, സാധ്യതകൾ എന്നിവയും ചർച്ച ചെയ്യുന്നു. രണ്ടാം ഭാഗത്തിന് 'എഐ ചിത്രശാല' എന്നാണ് പേര് നൽകിയിരിക്കുന്നത്. ചിത്ര നിർമാണം, ചിത്രങ്ങളെ ഭംഗിയാക്കൽ, ലോഗോ-പോസ്റ്റർ തുടങ്ങിയവയുടെ നിർമാണം, 3ഡി മോഡലുകളുടെ നിർമാണം തുടങ്ങിയ പ്രവർത്തനങ്ങൾക്ക് എഐ ഉപയോഗിക്കുന്ന വിധമാണ് ഈ ഭാഗത്ത് പരിചയപ്പെടുന്നത്.'എഐ കൈപ്പിടിയിലാക്കാം' എന്ന് പേരു നൽകിയിരിക്കുന്ന മൂന്നാം ഭാഗത്ത് പ്രോംപ്റ്റ് എഞ്ചിനീയറിങ്ങിനെ കുറിച്ചും വായന വിവരവിശകലനം എന്നീ കാര്യങ്ങൾക്കായി എഐ ഉപയോഗപ്പെടുത്തുന്നതിനെ കുറിച്ചുമുള്ള പ്രായോഗിക പരിശീലനം ക്രമീകരിച്ചിരിക്കുന്നു. 'എഐ നിത്യജീവിതത്തിൽ' എന്ന് പേര് നൽകിയിരിക്കുന്ന നാലാം ഭാഗത്ത് സംഗീതം, കോഡിങ്, വീഡിയോ നിർമാണം, പഠനം തുടങ്ങിയ മേഖലകളിൽ എഐ ഉപയോഗിക്കുന്ന വിധം പരിചയപ്പെടുത്തുന്ന പ്രായോഗിക പരിശീലനങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. അഞ്ചാം ഭാഗത്ത് ഉത്തരവാദിത്വത്തോടു കൂടി എഐ സങ്കേതങ്ങൾ ഉപയോഗിക്കുന്ന വിധവും ഈ മേഖലയിൽ ഉപയോഗിക്കുന്ന സാങ്കേതിക പദങ്ങളെക്കുറിച്ചുള്ള ധാരണയും നൽകിക്കൊണ്ടാണ് പരിശീലനം അവസാനിക്കുന്നത്.പത്താംക്ലാസിലെ പരിഷ്കരിച്ച പാഠപുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള റോബോട്ടിക്സ് മേഖലയിൽ ഉൾപ്പെടെ മുഴുവൻ ലക്ഷദ്വീപ് അധ്യാപകർക്ക് കൈറ്റ് പരിശീലനം നൽകുമെന്ന് കൈറ്റ് സി.ഇ.ഒ. കെ. അൻവർ സാദത്ത് പറഞ്ഞു. ഇതിനായി റോബോട്ടിക് കിറ്റുകളും ലക്ഷദ്വീപിലെ സ്കൂളുകൾക്ക് കൈറ്റ് ലഭ്യമാക്കും. ലക്ഷദ്വീപിലെ വിദ്യാഭ്യാസ ഡയറക്ടർ പത്മർറാം ത്രിപാഠി, സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ഇ. രവീന്ദ്രനാഥൻ, അക്കാദമിക് വിഭാഗത്തിലെ കെ.കെ. ഷാനവാസ് എന്നിവരും സംസാരിച്ചു.

# തൊണ്ടർനാട് പഞ്ചായത്തിലെ തൊഴിലുറപ്പ് തട്ടിപ്പ്; ഒളിവിലായിരുന്നയാൾ പിടിയിൽ

വയനാട്: തൊണ്ടർനാട് പഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതിയിലെ അഴിമതിയുമായി ബന്ധപ്പെട്ട കേസിൽ ഒളിവിലായിരുന്ന ജീവനക്കാരൻ പിടിയിൽ.

അക്കൗണ്ടന്റ് നിധൻ ആണ് പിടിയിലായത്. ഇയാളെ മലപ്പുറത്ത് നിന്നാണ് പോലീസ് പിടികൂടിയത്. കേസിൽ ഉൾപ്പെട്ട അക്രഡിറ്റഡ് എൻജിനീയർ ജോജോ ജോണി വിദേശത്തേക്ക് കടന്നതായി സംശയം. ഇയാൾക്കായി പോലീസ് അന്വേഷണം ആരംഭിച്ചു. ഗ്രാമീണ മേഖലകളിലെ പാവപ്പെട്ടവർക്ക് തൊഴിൽ ലഭ്യമാക്കാൻ ആവിഷ്കരിച്ച പദ്ധതിയിലാണ് തൊണ്ടർനാട് വൻ തട്ടിപ്പ് നടന്നത്. ആട്ടിൻകൂട്, കോഴിക്കൂട്, കിണർ നിർമാണം തുടങ്ങിയ വിവിധ പദ്ധതികളിലായിരുന്നു തട്ടിപ്പ്. പഞ്ചായത്തിലെ എം ബുക്കിൽ യഥാർഥ കണക്കെഴുതി സോഫ്റ്റ്വെയറിൽ കൃത്രിമം കാണിച്ചായിരുന്നു വെട്ടിപ്പ് നടന്നത്.

സിപിഎം ആണ് തൊണ്ടർനാട് പഞ്ചായത്ത് ഭരിക്കുന്നത്. രണ്ട് വർഷത്തിനിടെ രണ്ടരകോടി രൂപയുടെ അഴിമതിയാണ് കണ്ടെത്തിയത്. ഇല്ലാത്ത പദ്ധതി ഉണ്ടാക്കിയും നടത്തിയ പദ്ധതിയുടെ ചെലവ് പെരുപ്പിച്ച് കാണിച്ചുമായിരുന്നു തട്ടിപ്പ്. രണ്ട് ജീവനക്കാരാണ് തട്ടിപ്പ് നടത്തിയതെന്നും ഭരണസമിതിക്ക് അറിവില്ലെന്നുമാണ് പഞ്ചായത്തിന്റെ വാദം

# ഇന്ത്യൻ വിമാനങ്ങൾക്ക് വ്യോമാതിർത്തി അടച്ചു; പാക്കിസ്ഥാന് നഷ്ടം 126 കോടി രൂപ

ന്യൂഡൽഹി : ഇന്ത്യൻ വിമാനങ്ങൾക്ക് വ്യോമാതിർത്തി നിഷേധിച്ചതോടെ പാക്കിസ്ഥാന്റെ വരുമാനത്തിൽ വൻ ഇടിവ് സംഭവിച്ചതായി റിപ്പോർട്ട്. രണ്ടു മാസത്തിനുള്ളിൽ 126 കോടി രൂപയുടെ നഷ്ടം പാക്കിസ്ഥാൻ സമ്പദ്വ്യവസ്ഥയ്ക്ക് സംഭവിച്ചതായി രാജ്യാന്തര മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു.

ഏപ്രിൽ 23ന് ഇന്ത്യ സിന്ധു നദീജല കരാർ റദ്ദാക്കിയതിനു പിന്നാലെയാണ് ഇന്ത്യൻ വിമാനങ്ങൾക്ക് പാക്കിസ്ഥാൻ വ്യോമാതിർത്തി നിഷേധിച്ചത്. പാക്കിസ്ഥാന്റെ നടപടി പ്രതിദിനം 100 മുതൽ 150 വരെ ഇന്ത്യൻ വിമാനങ്ങളുടെ സർവീസിനെയാണ് ബാധിക്കുന്നത്.

നഷ്ടം സംഭവിച്ച കാര്യം പാക്കിസ്ഥാൻ പ്രതിരോധ മന്ത്രി തന്നെയാണ് ദേശീയ അസംബ്ലിയിൽ അറിയിച്ചത്. മൊത്തം വ്യോമ ഗതാഗതത്തിൽ 20 ശതമാനം ഇടിവുണ്ടായതോടെ ഓവർഫ്ലൈയിംഗ് ഫീസിൽനിന്നുള്ള വരുമാനവും പാക്കിസ്ഥാന് കുറഞ്ഞിട്ടുണ്ട്.

സാമ്പത്തിക തിരിച്ചടികൾക്കിടയിലും ഇന്ത്യൻ വിമാനങ്ങൾക്കുള്ള വ്യോമപാത അടച്ചിടുന്നത് ഒരു മാസത്തേക്ക് കൂടി പാക്കിസ്ഥാൻ നീട്ടി. ഓഗസ്റ്റ് 24 വരെയാണ് വിലക്ക് നീട്ടിയത്. പാക്കിസ്ഥാൻ വിമാനങ്ങൾക്ക് ഇന്ത്യൻ വ്യോമാതിർത്തിയിൽ പ്രവേശിക്കുന്നതിനുള്ള വിലക്ക് ഓഗസ്റ്റ് 23 വരെ ഇന്ത്യയും നീട്ടിയിട്ടുണ്ട്.

## ബി.സി.എ. / ബി.ബി.എ അലോട്ട്മെന്റ്

എ.പി.ജെ അബ്ദുൾ കലാം സാങ്കേതിക സർവകലാശാലയുടെ കീഴിലുള്ള കോളേജുകളിലെ ബി.സി.എ. / ബി.ബി.എ കോഴ്സുകളിലേക്ക് ഒഴിവുള്ള സീറ്റുകളിലേക്കുള്ള അവസാനഘട്ട അലോട്ട്മെന്റ് ആഗസ്റ്റ് 12 ന് നടക്കും. പ്രവേശന പരീക്ഷയിൽ യോഗ്യത നേടിയ ഇതുവരെ അലോട്ട്മെന്റ് ലഭിച്ചതും ലഭിക്കാത്തതുമായ എല്ലാപേർക്കും www. lbscentre. kerala.gov.in ൽ ഓൺലൈനായി ആഗസ്റ്റ് 11 വരെ ഓപ്ഷൻ സമർപ്പിക്കാം. എൽ.ബി.എസ് നടത്തിയ മുൻ അലോട്ട്മെന്റുകളിൽ സ്വകാര്യ സ്വാശ്രയ കോളേജുകളിൽ പ്രവേശനം നേടിയ അപേക്ഷകർ പ്രവേശനം നേടിയ കോളേജിൽ നിന്നും ഈ അലോട്ട്മെന്റിൽ പങ്കെടുക്കാൻ അനുവദിച്ചുകൊണ്ടുള്ള നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ഓപ്ഷൻ സമർപ്പണ സമയത്ത് ഓൺലൈനായി ആയി സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക്: 0471-2324396, 2560361, 2560327.

# കമ്യൂണിസ്റ്റുകാർ ജ്യോത്സ്യന്മാരെ കാണുന്നതിൽ തെറ്റില്ല: എ. കെ. ബാലൻ

തിരുവനന്തപുരം: കമ്യൂണിസ്റ്റുകാർ ജ്യോത്സ്യന്മാരെ കാണുന്നതിൽ തെറ്റില്ലെന്ന് സിപിഎം നേതാവ് എ. കെ. ബാലൻ.

നേതാക്കൾ ജ്യോത്സ്യൻമാരോട് സംസാരിക്കുന്നതിൽ എന്താണ് തെറ്റെന്ന് എ. കെ. ബാലൻ ചോദിച്ചു. സമയം നോക്കാനല്ല ഗോവിന്ദൻ ജ്യോത്സ്യനെ കണ്ടത് എന്നും അദ്ദേഹം മാധ്യമങ്ങളോട് പ്രതികരിച്ചു.

കമ്യൂണിസ്റ്റുകാർ എല്ലാ വിഭാഗം ജനങ്ങളുമായും സംവദിക്കും, അവരുമായി നല്ല ബന്ധം ഉണ്ടാക്കും, സൗഹൃദം ഉണ്ടാകും. അതിന് അർഥം അവർ രൂപം നൽകുന്ന ആശയത്തോട് യോജിക്കുന്നു എന്നല്ല.

താനുൾപ്പെടെയുള്ളവർ നമ്പർ വൺ വൈരുദ്ധ്യാത്മക ഭൗതികവാദ ആശയത്തിന്റെ വക്താക്കൾ ആണ്. ജ്യോതിഷികൾ, കൈനോട്ടക്കാർ, മജീഷ്യൻമാർ എന്നിവരോട് സംസാരിക്കാൻ താത്പര്യം കാണിക്കുന്ന വ്യക്തിയാണ് താനെന്നും എ. കെ. ബാലൻ മാധ്യമങ്ങളോട് വ്യക്തമാക്കി.

ഒരിക്കൽ ഒരു ജ്യോത്സ്യൻ എ. കെ. ആൻറണിയെ കുറിച്ച് തന്നോട് നടത്തിയ പ്രതികരണത്തെ കുറിച്ച് നിയമ സഭയിൽ പറഞ്ഞിട്ടുള്ള വ്യക്തിയാണ് ഞാൻ. എ. കെ. ആൻറണിയുടേത് മൂലം നക്ഷത്രമാണ്,

അദ്ദേഹം മുഖ്യമന്ത്രിയായി ചുമതലയേറ്റത് പുണർതം നക്ഷത്രത്തിലും. ഇത് വിലയിരുത്തിയ ഒരു ജോത്സ്യൻ പറഞ്ഞു അദ്ദേഹത്തിന് കാലാവധി പൂർത്തിയാക്കാൻ ആകില്ല, സ്ഥാനചലനം ഉണ്ടാകുമെന്ന്.

അന്ന് അദ്ദേഹം അത് ആസ്വദിച്ചിരുന്നു. എന്നാൽ പിന്നീട് പ്രവചനം പോലെ എ. കെ. ആൻറണിക്കു രാജിവയ്ക്കേണ്ടിവന്നെന്നും എ. കെ. ബാലൻ ചൂണ്ടിക്കാട്ടി. എന്നാൽ ഇതിന്റെ അർത്ഥം ജ്യോത്സ്യൻ പറഞ്ഞത് കൊണ്ടാണ് എ. കെ. ആൻറണി രാജിവച്ചത് എന്നതല്ലെന്നും അദ്ദേഹം വ്യക്തമാക്കി.

സിപിഎം സംസ്ഥാന സെക്രട്ടറി എം. വി. ഗോവിന്ദൻ പ്രശസ്ത ജ്യോത്സ്യനെ സന്ദർശിച്ച ചിത്രം സമൂഹമാധ്യമത്തിൽ പ്രചരിച്ചിരുന്നു.

ഇതിന് പിന്നാലെയാണ് വിവാദം ഉയർന്നത്.

വിഷയം സംസ്ഥാന സമിതിയിൽ കണ്ണൂരിൽ നിന്നുള്ള ഒരു പ്രമുഖ നേതാവ് ഉന്നയിച്ചെന്നും എന്ത് രാഷ്ട്രീയ ബോധ്യത്തിന്റെ അടിസ്ഥാനത്തിലാണ് നേതാക്കൾ ജ്യോത്സ്യന്മാരെ കാണാൻ പോകുന്നതെന്ന് ചോദിച്ചതായും റിപ്പോർട്ടുകളുണ്ടായിരുന്നു.

# ട്രെയിൻ യാത്രയ്ക്കിടെ അബോധാവസ്ഥയിലായ പത്തുവയസുകാരി മരിച്ചു

കാഞ്ഞങ്ങാട്: ട്രെയിൻ യാത്രയ്ക്കിടെ അബോധാവസ്ഥയിലായ കുട്ടി മരിച്ചു. ഉശിലാംപെട്ടി മെയ്ക്കിലാംപ്പെട്ടി സ്വദേശി സാറാ ചെല്ലനാണ് (10) മരിച്ചത്. ദാദർ -തിരുനെൽവേലി എക്സ്പ്രസിൽ ജനറൽ കമ്പാർട്ട്മെൻറിൽ അമ്മയോടൊപ്പം യാത്രചെയ്യുന്നതിനിടെ കാഞ്ഞാങ്ങാട് റെയിൽവേ സ്റ്റേഷനിൽവച്ചാണ് സംഭവം. മുംബൈ രോഹയിൽ നിന്ന് മധുരയിലേക്കായിരുന്നു ഇവരുടെ യാത്ര.

വേറൊരു വണ്ടിക്ക് കടന്നുപോകാനായി കാഞ്ഞാങ്ങാട് സ്റ്റേഷനിൽ ട്രെയിൻ നിർത്തിയിട്ട സമയത്താണ് മറ്റ് യാത്രക്കാർ ഇടപെട്ട് അബോധാവസ്ഥയിലായ കുട്ടിയെ സ്റ്റേഷനിൽ ഇറക്കിയത്. വായിലൂടെ രക്തം വന്ന കുട്ടിയെ ഉടൻതന്നെ സ്വകാര്യ ആശുപത്രിയിൽ എത്തിച്ചെങ്കിലും മരണം സ്ഥിരീകരിച്ചു.

റെയിൽവേ ഉദ്യോഗസ്ഥരും ഹൊസ്ദുർഗ് പോലീസും ആശുപത്രിയിലെത്തി അമ്മയിൽനിന്ന് വിവരങ്ങൾ ശേഖരിച്ചു.

# യുവജന കമ്മീഷൻ യൂത്ത് ഐക്കൺ അവാർഡ് അപേക്ഷ ക്ഷണിച്ചു

കേരള സംസ്ഥാന യുവജന കമ്മീഷൻ യൂത്ത് ഐക്കൺ അവാർഡ് 2025-26 അപേക്ഷ ക്ഷണിച്ചു. സംസ്ഥാനത്തെ യുവജനങ്ങൾക്കിടയിൽ നിർണായക സ്വാധീനം ചെലുത്തിയിട്ടുള്ളതും കല/സാംസ്കാരികം, സാഹിത്യം, കായികം, കൃഷി/മൃഗസംരക്ഷണം, വ്യവസായം/സാങ്കേതികവിദ്യ, മാധ്യമം തുടങ്ങിയ മേഖലകളിൽ ഉന്നതമായ നേട്ടം കൈവരിച്ചവരുമായ യുവജനങ്ങളെയാണ് അവാർഡിന് പരിഗണിക്കുന്നത്. അവാർഡിനായി നാമനിർദേശം നൽകാവുന്നതോ സ്വമേധയാ അപേക്ഷ സമർപ്പിക്കാവുന്നതോ ആണ്.

പൊതുജനങ്ങളിൽ നിന്നും കിട്ടുന്ന നിർദേശങ്ങൾ പരിഗണിച്ച് വിദഗ്ധ ജൂറിയുടെ തീരുമാനത്തിനു വിധേയമായി ആറ് പേർക്കാണ് അവാർഡ് നൽകുന്നത്. യൂത്ത് ഐക്കണായി തെരഞ്ഞെടുക്കപ്പെടുന്നവർക്ക് 20,000 രൂപയുടെ ക്യാഷ് അവാർഡും ബഹുമതി ശിൽപ്പവും നൽകും. നിർദേശങ്ങൾ ksycyouthicon@gmail.com ൽ അറിയിക്കുക. കൂടാതെ കമ്മീഷന്റെ വികാസ് ഭവനിലുള്ള ഓഫീസിൽ നേരിട്ടും നിർദേശങ്ങൾ നൽകാവുന്നതാണ്. അപേക്ഷകൾ അയക്കേണ്ട അവസാന തീയതി ആഗസ്റ്റ് 30. കൂടുതൽ വിവരങ്ങൾക്ക് : 0471-2308630.

# ദേശീയപാത 66 സമയബന്ധിതമായി തീർക്കണം: മന്ത്രി മുഹമ്മദ് റിയാസ്

തിരുവനന്തപുരം: സംസ്ഥാനത്ത് ദേശീയപാത 66ന്റെ നിർമാണ പ്രവർത്തനം സമയബന്ധിതമായി പൂർത്തിയാക്കണമെന്ന് മന്ത്രി പി. എ. മുഹമ്മദ് റിയാസ്. പ്രവൃത്തികളിൽ ഗുണനിലവാരം ഉറപ്പുവരുത്തണമെന്നും ദേശീയപാത പ്രവൃത്തി അവലോകനം ചെയ്യാൻ ചേർന്ന ഉന്നതതല യോഗത്തിൽ മന്ത്രി ദേശീയപാത അഥോറിറ്റി ഉദ്യോഗസ്ഥർക്കി നിർദേശം നൽകി.

പ്രവൃത്തികൾക്കു സമയക്രമം നിശ്ചയിക്കുകയും നിശ്ചയിച്ച സമയത്തിനകം പവൃത്തികൾ പൂർത്തീകരിച്ചുവെന്ന് ഉറപ്പാക്കുകയും വേണം. മികവുറ്റ രീതിയിലാകണം നിർമാണം നടക്കേണ്ടത്. നിലവിൽ പ്രവൃത്തി പ്രതീക്ഷിച്ച പുരോഗതി കൈവരിക്കാത്ത ഇടങ്ങളിൽ എൻഎച്ച്എഐ റീജണൽ ഓഫീസർ പ്രത്യേകമായി ശ്രദ്ധപതിപ്പിക്കണം.

ഈ സ്ട്രെച്ചുകളിൽ യുദ്ധകാലാടിസ്ഥാനത്തിൽ നടപടി വേണം. മഴക്കാലമാണെങ്കിലും പ്രീകാസ്റ്റിംഗ് പോലുള്ള പ്രവൃത്തി ഈ സമയത്ത് നടത്താനാകും. പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ എല്ലാ സഹായവും ഉണ്ടാകുമെന്ന് മന്ത്രി ഉറപ്പുനൽകി.

# ട്രെയിനിൽ കവർച്ച; വീട്ടമ്മയുടെ പണവും ഫോണും തട്ടിയെടുത്തു

കോഴിക്കോട്: ട്രെയിനിൽ നിന്ന് യാത്രക്കാരിയെ തള്ളിയിട്ട് കവർച്ച. വീട്ടമ്മയുടെ ബാഗ് തട്ടിപ്പറിച്ച് 8,500 രൂപയും ഫോണും കവർന്നു. വെള്ളിയാഴ്ച പുലർച്ചെ കോഴിക്കോട് കല്ലായിൽ ആണ് സംഭവം. കോഴിക്കോട് റെയിൽവെ സ്റ്റേഷനിൽ നിന്ന് പുറപ്പെട്ട സംബർക്രാന്തി എക്സപ്രസിൽ നിന്നാണ് വീട്ടമ്മയെ തള്ളിയിട്ടത്.

ട്രെയിൻ കോഴിക്കോട് സ്റ്റേഷൻ വിട്ടശേഷം വേഗത കുറച്ച് കല്ലായി ഭാഗത്തേക്ക് പോകുന്നതിനിടെ ബാത്ത് റൂമിലേക്ക് പോവുകയായിരുന്ന വീട്ടമ്മയെ മോഷ്ടാവ് തള്ളിയിടുകയായിരുന്നു. പിടിവലിക്കിടെ മോഷ്ടാവും താഴേക്ക് വീണു. ഇതിനിടയിൽ മോഷ്ടാവ് വീട്ടമ്മയുടെ ബാഗ് കൈക്കലാക്കിയിരുന്നു. ബാഗിലുണ്ടായിരുന്ന 8,500 രൂപയും ഫോണും നഷ്ടമായി. സംഭവത്തിനുശേഷം ബാഗുമായി പ്രതി സ്ഥലത്ത് നിന്ന് രക്ഷപെട്ടു. തലക്ക് പരിക്കേറ്റ വീട്ടമ്മ മെഡിക്കൽ കോളജിൽ ചികിത്സ തേടി. സംഭവത്തിൽ റെയിൽവെ പോലീസ് കേസെടുത്ത് അന്വേണം ആരംഭിച്ചു. പ്രതിയെ ഇതുവരെ പിടികൂടാനായിട്ടില്ല.

# സി.ഇ.ടിയിൽ സ്പോട് അഡ്മിഷൻ

തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനിയറിംഗ് (സി.ഇ.ടി) ബി.ടെക്ക് സ്പോട് അഡ്മിഷൻ 13ന് രാവിലെ 11ന് നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് : www.cet.ac.in

# അയ്യങ്കാളി ജയന്തി: വിദ്യാർത്ഥികൾക്കായി ഉപന്യാസ മത്സരം

പട്ടികജാതി വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ അയ്യങ്കാളി ജയന്തിയോടനുബന്ധിച്ച് വിദ്യാർത്ഥികൾക്കായി ഉപന്യാസ മത്സരം നടത്തുന്നു. സ്കൂൾ തലം, കോളേജ് തലം എന്നിങ്ങനെ രണ്ട് വിഭാഗങ്ങളിലായിട്ടാണ് മത്സരങ്ങൾ സംഘടിപ്പിക്കുന്നത്. അയ്യങ്കാളിയുടെ നവോത്ഥാന പോരാട്ടങ്ങളുടെ സമകാലിക പ്രസക്തി (10 ഫുൾ സ്കാപ്പ് പേജിൽ കവിയാൻ പാടില്ല.) എന്നതാണ് കോളജ്തല വിഷയം. സ്കൂൾതല വിഷയം - അയ്യൻകാളിയുടെ സമര ജീവിതം (5 ഫുൾ സ്ക്രാപ്പ് പേജിൽ കവിയാൻ പാടില്ല.)കോളേജ് തലത്തിൽ 5000 രൂപ (ഒന്നാംസ്ഥാനം), 3000 രൂപ (രണ്ടാം സ്ഥാനം), 2000 രൂപ (മൂന്നാം സ്ഥാനം), സ്കൂൾ തലത്തിൽ 3000 രൂപ (ഒന്നാം സ്ഥാനം), 2000 രൂപ (രണ്ടാം സ്ഥാനം), 1000 രൂപ (മൂന്നാം സ്ഥാനം) ആണ് സമ്മാനതുക.വിദ്യാർഥികളുടെ മൗലികമായ രചനകൾ സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രം സഹിതം ഓഗസ്റ്റ് 20 ന് വൈകുന്നേരം 5- മണിക്ക് മുൻപായി ലഭ്യമാക്കണം. രചനകൾ അയക്കേണ്ട വിലാസം - പ്രിൻസിപ്പാൾ, ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവീസ് എക്സാമിനേഷൻ ട്രെയിനിങ് സൊസൈറ്റി, അംബേദ്കർ ഭവൻ, മണ്ണന്തല, തിരുവനന്തപുരം -15അയ്യങ്കാളിയുടെ ജന്മദിനമായ ആഗസ്റ്റ് 28ന് തിരുവനന്തപുരം വെള്ളയമ്പലത്ത് നടക്കുന്ന അനുസ്മരണ സമ്മേളനത്തിൽ പട്ടികജതി പട്ടിക വർഗ പിന്നാക്ക ക്ഷേമ വികസന വകുപ്പ് മന്ത്രി ഒ.ആർ. കേളു വിജയികൾക്ക് ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും വിതരണം ചെയ്യും.

# മകളെ പീഡിപ്പിച്ച് ഗർഭിണിയാക്കി, കുഞ്ഞിനെ കുറ്റിക്കാട്ടിൽ ഉപേക്ഷിച്ചു; പ്രതി പിടിയിൽ

ഭോപ്പാൽ: മധ്യപ്രദേശിൽ മകളെ പീഡിപ്പിച്ച് ഗർഭിണിയാക്കി നവജാതശിശുവിനെ കുറ്റിക്കാട്ടിൽ ഉപേക്ഷച്ച സംഭവത്തിൽ പ്രതി പിടിയിൽ. ഖാർഗോൺ ജില്ലയിലാണ് സംഭവം.

മഹേശ്വർ പോലീസ് സ്റ്റേഷൻ പരിധിയിലുള്ള ഒരു ഗ്രാമത്തിലെ കുറ്റിക്കാട്ടിൽ നിന്നും ഉറുമ്പരിച്ച നിലയിലാണ് കുഞ്ഞിനെ കണ്ടെത്തിയത്. കുഞ്ഞിന്റെ അമ്മ 16കായാണെന്ന് അന്വേഷണത്തിൽ വ്യക്തമായതായും കുട്ടിയെ ക്ലിനിക്കിൽ പ്രവേശിപ്പിച്ചുവെന്നും പോലീസ് സൂപ്രണ്ട് ധർമരാജ് മീന പറഞ്ഞു.

ഗുജറാത്തിലെ രാജ്കോട്ടിൽ കൂലിപ്പണി ചെയ്തിരുന്ന സമയത്ത് പിതാവ് തന്നെ പീഡിപ്പിച്ചുവെന്നും തുടർന്ന് താൻ ഗർഭിണിയായെന്നുമാണ് പെൺകുട്ടി പോലീസിനോട് പറഞ്ഞത്. വീട്ടിൽ വച്ചാണ് താൻ പ്രസവിച്ചതെന്നും കുഞ്ഞിനെ പിതാവ് കുറ്റിക്കാട്ടിൽ ഉപേക്ഷിക്കുകയായിരുന്നുവെന്നും കുട്ടി മൊഴി നൽകി.

പോക്സോ നിയമത്തിലെയും ഭാരതീയ ന്യായ സംഹിതയിലെയും പ്രസക്തമായ വ്യവസ്ഥകൾ പ്രകാരമാണ് വെള്ളിയാഴ്ച പോലീസ് പ്രതിയെ അറസ്റ്റ് ചെയ്തത്. 16കാരിയുടെയും കുഞ്ഞിന്റെയും പ്രതിയുടെയും ഡിഎൻഎ സാമ്പിളുകൾ പരിശോധനയ്ക്കായി അയച്ചിട്ടുണ്ട്. ഖാർഗോണിൽ ചികിത്സയിലായിരുന്ന കുഞ്ഞിനെ ഇൻഡോറിലെ എംടിഎച്ച് ആശുപത്രിയിലേക്ക് മാറ്റി, ഇപ്പോൾ വെൻറിലേറ്റർ സഹായത്തോടെയാണ് കുഞ്ഞിന്റെ ജീവൻ നിലനിർത്തുന്നതെന്ന് നവജാത ശിശു പരിചരണ യൂണിറ്റ് മേധാവി ഡോ. പവൻ പട്ടീദർ പറഞ്ഞു.

# ബിഹാറിൽ സീതാ ക്ഷേത്രത്തിന് തറക്കല്ലിട്ട് അമിത് ഷായും നിതീഷും; രാമക്ഷേത്രത്തേക്കാൾ അഞ്ചടി ഉയരക്കുറവ്

പാട്ന: സീതാമർഹിയിലെ പുനൗര ധാമിൽ മാതാ സീതാ ക്ഷേത്രത്തിന്റെ തറക്കല്ലിടൽ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായും ബീഹാർ മുഖ്യമന്ത്രി നിതീഷ് കുമാറും ചേർന്ന് നിർവഹിച്ചു.

അയോധ്യയിലെ രാമക്ഷേത്രത്തേക്കാൾ അഞ്ച് അടി ഉയരക്കുറവിലായിരിക്കും (156 അടി) സീതാ ക്ഷേത്രത്തിന്റെ നിർമാണം.

അയോധ്യ രാമക്ഷേത്രം രൂപകൽപ്പന ചെയ്ത വാസ്തു ശിൽപ്പി ചന്ദ്രകാന്ത് സോംപുരയാണ് സീതാ ക്ഷേത്രം രൂപകൽപ്പന ചെയ്യുന്നത്.

ക്ഷേത്രത്തിലും ശ്രീകോവിലിലും മക്രാന കല്ലുകളാണ് നിർമാണത്തിനായി ഉപയോഗിക്കുന്നത്.

2023 സെപ്റ്റംബറിൽ അന്നത്തെ മഹാഹഗ്ബന്ധൻ സർക്കാർ അനുമതി നൽകിയ പദ്ധതിക്ക് ജൂലൈ ഒന്നിന് നിതീഷ് കുമാർ മന്ത്രിസഭ 882.87 കോടി രൂപ അനുവദിച്ചു.

ഇതിൽ 137 കോടി നിലവിലുള്ള ക്ഷേത്രത്തിന്റെയും പരിസരത്തിന്റെയും നവീകരണത്തിനും 728 കോടി ടൂറിസവുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യ വികസനത്തിനും 16 കോടി അറ്റകുറ്റപ്പണികൾക്കുമാണ് അനുവദിച്ചിരിക്കുന്നത്.

ഒക്ടോബർ-നവംബർ മാസങ്ങളിൽ സംസ്ഥാന നിയമസഭാ തെരഞ്ഞെടുപ്പ് നടക്കാനിരിക്കെയാണ് ക്ഷേത്രത്തിന് തറക്കല്ലിട്ടത്.

# പാലിയേക്കരയിലെ ടോൾപിരിവ്: ഹൈക്കോടതി ഉത്തരവിനെതിരെ ദേശീയപാത അതോറിറ്റി സുപ്രീംകോടതിയിൽ

ന്യൂഡൽഹി: പാലിയേക്കര ടോൾ പിരിവ് നാലാഴ്ചത്തേത്ത് നിർത്തിവച്ച ഹൈക്കോടതി ഉത്തരവിനെതിരെ ദേശീയപാത അതോറിറ്റി സുപ്രീംകോടതിയിൽ. ഇടക്കാല ഉത്തരവ് റദ്ദാക്കണമെന്നാവശ്യപ്പെട്ടാണ് അപ്പീൽ നൽകിയത്.

ഇടപ്പള്ളി-മണ്ണുത്തി ദേശീയപാതയിലെ ഗതാഗതക്കുരുക്കു പരിഹരിക്കുന്നതിൽ വീഴ്ച വരുത്തിയെന്നു ചൂണ്ടിക്കാട്ടിയാണ് ജസ്റ്റീസുമാരായ എ. മുഹമ്മദ് മുഷ്താഖ്, ഹരിശങ്കർ വി. മേനോൻ എന്നിവരുൾപ്പെട്ട ഡിവിഷൻ ബെഞ്ചാണ് ടോൾ പിരിവ് നാലാഴ്ചത്തേത്ത് നിർത്തിവച്ചത്.ടോൾ നിർത്തിവച്ചെങ്കിലും പാലിയേക്കര ടോൾ പിരിവ് കമ്പനിക്ക് ദേശീയപാത അതോറിറ്റി നഷ്ടപരിഹാരം നൽകണമെന്ന വ്യവസ്ഥയുണ്ടായിരുന്നു. നേരത്തെ ഉണ്ടായിരുന്ന കരാർ പ്രകാരം ടോൾ പിരിവ് നിർത്തി വയ്ക്കേണ്ടി വന്നാൽ ദേശീയപാത അതോറിറ്റി അതിനു സമാനമായ തുക നൽകണം എന്നുള്ളതാണ് വ്യവസ്ഥ.

# വസ്ത്രത്തിന്റെ പേരിൽ ദമ്പതികൾക്ക് റസ്റ്ററൻറിൽ പ്രവേശനം നിഷേധിച്ചതായി പരാതി

ഡൽഹി: വസ്ത്രത്തിന്റെ പേരിൽ ഡൽഹിയിലെ റസ്റ്ററൻറിൽ ദമ്പതികൾക്ക് പ്രവേശനം നിഷേധിച്ചതായി പരാതി. ഡൽഹിയിലെ പിതംപുരയിലുള്ള റസ്റ്ററൻറിലാണ് സംഭവം. സംഭവത്തിന്റെ വിഡിയോ സമൂഹ മാധ്യമങ്ങളിൽ വൈറലായി. ഇന്ത്യൻ തനിമയുള്ള വസ്ത്രം ധരിച്ചതിന്റെ പേരിലാണ് തങ്ങളോട് മോശമായി പെരുമാറിയതെന്ന് ദമ്പതികൾ പറഞ്ഞു. മറ്റുള്ളവർക്ക് പ്രവേശനം അനുവദിച്ചെങ്കിലും തങ്ങളോട് മാനേജർ മോശമായി പെരുമാറിയെന്നും അവർ വ്യക്തമാക്കി. ചുരിദാർ ധരിച്ചാണ് സ്ത്രീ റസ്റ്ററൻറിലെത്തിയത്. ടീഷർട്ടും പാൻറുമായിരുന്നു പുരുഷന്റെ വേഷം.എന്നാൽ ആരോപണം റസ്റ്ററൻറ് ഉടമ നീരജ് അഗർവാൾ നിഷേധിച്ചു. ദമ്പതികൾ ടേബിൾ ബുക്ക് ചെയ്തിരുന്നില്ലെന്നും അതുകൊണ്ടാണ് പ്രവേശനം നിഷേധിച്ചതെന്നും അദ്ദേഹം പറഞ്ഞു. റസ്റ്ററൻറിന് യാതൊരു വിധ വസ്ത്ര നയമില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# രണ്ടു വയസുകാരിയെ ബലാത്സംഗം ചെയ്ത കേസിൽ യുവാവിന് ജീവപര്യന്തം തടവ്

ന്യൂഡൽഹി: രണ്ട് വയസുള്ള പെൺകുട്ടിയെ ബലാത്സംഗം ചെയ്ത കേസിൽ പ്രതിക്ക് ജീവപര്യന്തം തടവ് ശിക്ഷ വിധിച്ച് കോടതി. ബെവാർ പോലീസ് സ്റ്റേഷൻ പരിധിയിലെ നാഗ്ല ജിൽഹി സ്വദേശി ജഗ്മോഹനെ (20) യാണ് ശിക്ഷിച്ചത്.

മെയിൻപുരിയിലെ പോക്സോ കോടതി ജഡ്ജി ജീതേന്ദ്ര മിശ്രയാണ് പ്രതിക്ക് ജീവപര്യന്തം തടവും 50, 000 രൂപ പിഴയും ചുമത്തിയതെന്ന് സർക്കാർ അഭിഭാഷകൻ വിശ്വജിത് സിംഗ് റാത്തോഡ് പറഞ്ഞു. പിഴ തുക പെൺകുട്ടിക്ക് നൽകുമെന്ന് ജഡ്ജി ഉത്തരവിൽ പറഞ്ഞു.

2022 നവംബർ ഏഴിനാണ് ജഗ്മോഹൻ തന്റെ രണ്ട് വയസുള്ള ബന്ധുവായ പെൺകുട്ടിയെ ബലാത്സംഗം ചെയ്തത്. പെൺകുട്ടിയുടെ നിലവിളി കേട്ട് കുടുംബാംഗങ്ങൾ മുറിയിലേക്ക് ഓടിയെത്തിയെങ്കിലും ജഗ്മോഹൻ ഓടി രക്ഷപ്പെട്ടു. പരിക്കേറ്റ് രക്തസ്രാവമുണ്ടായ പെൺകുട്ടിയെ അബോധാവസ്ഥയിൽ കുടുംബം ആശുപത്രിയിലേക്ക് കൊണ്ടുപോയി. 2022 നവംബർ എട്ടിന് പെൺകുട്ടിയുടെ പിതാവ് കിഷ്നി പോലീസ് സ്റ്റേഷനിൽ എഫ്ഐആർ ഫയൽ ചെയ്തു. തുടർന്ന് ജഗ്മോഹനെ പോലീസ് അറസ്റ്റ് ചെയ്തു. വ്യാഴാഴ്ച കോടതി കുറ്റക്കാരനാണെന്ന് കണ്ടെത്തി ജീവപര്യന്തം തടവിന് ശിക്ഷിക്കുകയായിരുന്നു.

# എസ്സിഒ ഉച്ചകോടിയിലേക്ക് നരേന്ദ്ര മോദിയെ ക്ഷണിച്ച് ചൈന

ബെയ്ജിംഗ്: എസ്സിഒ ഉച്ചകോടിയിലേക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദിയെ സ്വാഗതം ചെയ്ത് ചൈന. ഓഗസ്റ്റ് 31,സെപ്റ്റംബർ ഒന്ന് തീയതികളിലായി ചൈനയിലെ ടിയാൻജിനിൽ നടക്കുന്ന എസ്സിഒ ഉച്ചകോടിയിലേക്കാണ് മോദിയെ സ്വാഗതം ചെയ്ത് ചൈനീസ് വിദേശകാര്യ മന്ത്രാലയം രംഗത്തെത്തിയത്. ഉച്ചക്കോടിയിൽ മോദി പങ്കെടുക്കുമെന്ന് പ്രതീക്ഷിക്കുന്നതായും ചൈന അറിയിച്ചു. ഇന്ത്യക്കെതിരെ 50 ശതമാനം ഇറക്കുമതി തീരുവ പ്രഖ്യാപിച്ച യുഎസിന്റെ നടപടിക്കു പിന്നാലെയാണ് മോദിയുടെ ചൈനീസ് സന്ദർശനമെന്നത് ഉച്ചകോടിയുടെ പ്രാധാന്യം വർധിപ്പിച്ചിട്ടുണ്ട്. ചൈനയിൽ നടക്കുന്ന എസ്സിഒ ടിയാൻജിൻ ഉച്ചകോടിയിലേക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് സുസ്വാഗതം. ഇത് സൗഹൃദത്തിന്റെ ഒരു ഒത്തുചേരലായിരിക്കും. എല്ലാ കക്ഷികളുടെയും കൂട്ടായ പരിശ്രമത്തിലൂടെ ടിയാൻജിൻ ഉച്ചകോടി ഐക്യദാർഢ്യത്തിന്റെയും സൗഹൃദത്തിന്റെയും വേദിയായി മാറും. ഉയർന്ന നിലവാരമുള്ള വികസനത്തിന്റെ ഒരു പുതിയ ഘട്ടത്തിലേക്ക് എസ്സിഒ പ്രവേശിക്കുമെന്നും ഞങ്ങൾ വിശ്വസിക്കുന്നുവെന്നും ചൈനീസ് വിദേശകാര്യ മന്ത്രാലയ വക്താവ് ഗുവോ ജിയാകുൻ പറഞ്ഞു.

# 15 വയസുകാരനെ കുത്തിക്കൊന്നു; അമ്മാവൻ അറസ്റ്റിൽ

ബംഗളൂരു: ഓൺലൈൻ ഗെയിമിന് അടിമയായ 15 വയസുകാരനെ കുത്തിക്കൊന്ന അമ്മാവൻ അറസ്റ്റിൽ. കഴിഞ്ഞ നാലിന് കുംബാരഹള്ളിയിൽ നടന്ന സംഭവത്തിൽ അമോഗിൻ (15) ആണ് കൊല്ലപ്പെട്ടത്. കേസിൽ ഇയാളുടെ അമ്മാവനായ നാഗപ്രസാദ് (42) ആണ് അറസ്റ്റിലായത്. അമോഗ് ഓൺലൈൻ ഗെയിമിന് അടിമയായിരുന്നുവെന്നാണ് റിപ്പോർട്ട്. പണത്തിനു വേണ്ടി അമോഗ് നാഗപ്രസാദിനെ നിരന്തരം ശല്യപ്പെടുത്തിയിരുന്നു. കിട്ടിയ പണമെല്ലാം അമോഗ് ഓൺലൈൻ ഗെയിമിൽ നഷ്ടപ്പെടുത്തുകയും ചെയ്തു. ഇതു സംബന്ധിച്ച തർക്കമാണ് കൊലപാതകത്തിൽ കലാശിച്ചത്. കൊലപാതകത്തിനു ശേഷം നാഗപ്രസാദ് സംഭവ സ്ഥലത്തു നിന്ന് ഓടി രക്ഷപ്പെട്ടു. തുടർന്ന് പോലീസ് നടത്തിയ അന്വേഷണത്തിലാണ് പ്രതി പിടിയിലായത്.

# എമറി യൂണിവേഴ്സിറ്റിയിൽ വെടിവെപ്പ്; സുരക്ഷാ ഉദ്യോഗസ്ഥന് പരിക്ക്

വാഷിംഗ്ടൺ: യുഎസിലെ എമറി യൂണിവേഴ്സിറ്റിയിലുണ്ടായ വെടിവെപ്പിൽ സുരക്ഷാ ഉദ്യോഗസ്ഥന് ഗുരുതര പരിക്ക്. സർവകലാശാലയുടെ യുഎസ് സെൻറേഴ്സ് ഫോർ ഡിസീസ് കൺട്രോൾ ആൻഡ് പ്രിവൻഷന്റെ കവാടത്തിന് സമീപമായിരുന്നു വെടിവെപ്പ്. ഏറ്റുമുട്ടലിൽ അക്രമി കൊല്ലപ്പെട്ടതായും ഒരു സുരക്ഷാ ഉദ്യോഗസ്ഥന് പരിക്കേറ്റതായും അറ്റ്ലാൻറാ പോലീസ് അറിയിച്ചു. വിദ്യാർഥികളോടും കാമ്പസിലുള്ളവരോടും സുരക്ഷിത സ്ഥാനങ്ങളിൽ അഭയം തേടാൻ സർവകലാശാല അധികൃതർ നിർദേശം നൽകി. വെടിവെപ്പിൽ കെട്ടിടങ്ങൾക്ക് നാശനഷ്ടമുണ്ടായെന്നാണ് പ്രാഥമിക വിവരം. സുരക്ഷ കർശനമാക്കിയെന്നും പോലീസ് തെരച്ചിൽ തുടരുകയാണെന്നും അധികൃതർ പറഞ്ഞു.

# അമേരിക്കൻ തീരുവ: കുരുമുളക്, കാപ്പി, ഏലം, റബർ കർഷകർക്ക് തിരിച്ചടി

മുംബൈ: ഇന്ത്യയിൽനിന്നുള്ള ഇറക്കുമതിക്ക് യുഎസ് 50 ശതമാനം തീരുവ ഏർപ്പെടുത്തിയ നടപടി വിപണിയെ പ്രതികൂലമായി ബാധിച്ചുതുടങ്ങി. തീരുവ പ്രാബല്യത്തിൽവന്നതോടെ ഇന്ത്യയിൽനിന്ന് ചരക്കുകൾ എടുക്കുന്നത് യുഎസ് റീട്ടെയിൽ കമ്പനികൾ താത്കാലികമായി നിർത്തിവച്ചു.

ഏലം, റബർ എന്നിവയുടെ കയറ്റുമതി ഓർഡറുകൾ പലതും റദ്ദാക്കുകയോ താത്കാലികമായി നിർത്തിവക്കുകയോ ചെയ്തിരിക്കുകയാണ്. സംസ്ഥാനത്തെ കുരുമുളക്, ഏലം, കാപ്പി, റബർ, തേയില തുടങ്ങിയ ഉത്പന്നങ്ങൾക്ക് അമേരിക്കയിൽ വില ഉയരുന്നതോടെ ആവശ്യക്കാർ കുറയും. കേരളത്തിൽ തേയില ലേലത്തിൽ കിലോയ്ക്ക് 38 രൂപയുടെവരെ ഇടിവുണ്ടായി. ജൂലൈയിൽ 183 രൂപയായിരുന്നു ശരാശരി വില. കഴിഞ്ഞദിവസം നടന്ന ലേലത്തിൽ ഇത് 145 രൂപയായി.

സുഗന്ധവ്യഞ്ജന മേഖലയിൽ നിലവിൽ ഉയർന്ന തീരുവ ഭീഷണിയില്ലാത്ത ഇന്തോനേഷ്യ, ഗ്വാട്ടിമാല തുടങ്ങിയ രാജ്യങ്ങൾ നേരത്തേതന്നെ വെല്ലുവിളിയായിരുന്നു. ആമസോൺ, വാൾമാർട്ട്, ടാർജറ്റ്, ഗ്യാപ് തുടങ്ങിയ കമ്പനികൾ തുണിത്തരങ്ങളും വസ്ത്രങ്ങളും ഇന്ത്യയിൽനിന്നു വാങ്ങുന്നത് നിർത്തിവച്ചു.

# യുക്രെയ്ൻ യുദ്ധം; പുടിനുമായി ട്രംപ് കൂടിക്കാഴ്ച നടത്തും

വാഷിംഗ്ടൺ: റഷ്യ - യുക്രെയ്ൻ യുദ്ധം അവസാനിപ്പിക്കാൻ നീക്കം നടക്കുന്നതായി സൂചന. ഇതിന്റെ ഭാഗമായി റഷ്യൻ പ്രസിഡൻറ് വ്ളാഡിമിർ പുടിനും യുഎസ് പ്രസിഡൻറ് ഡൊണാൾഡ് ട്രംപ് കൂടിക്കാഴ്ച നടത്തും.

15-ാം തീയതി അലാസ്കയിൽവച്ച് പുടിനുമായി കൂടിക്കാഴ്ച നടത്തുമെന്ന് ട്രംപ് അറിയിച്ചു. യുക്രെയ്ൻ യുദ്ധം അവസാനിപ്പിക്കുന്നതിനുള്ള അന്തിമ കരാറിന്റെ ഭാഗമായിട്ടായിരിക്കും കൂടിക്കാഴ്ച.

കരാറിൽ പ്രവിശ്യകൈമാറ്റം ഉൾപ്പെട്ടേക്കാമെന്നും ട്രംപ് പറഞ്ഞു. ചർച്ചയ്ക്കു മുന്നോടിയായി ചൈനയിലെയും ഇന്ത്യയിലെയും നേതാക്കളുമായി പുടിൻ കൂടിയാലോചനകൾ നടത്തിയിരുന്നു.

യുദ്ധം അവസാനിപ്പിക്കുന്നതിനായി യുക്രെയ്നിലെ ചില പ്രവിശ്യകൾ റഷ്യക്ക് കൈമാറ്റം ചെയ്യപ്പെടുമെന്ന് നേരത്തെ റിപ്പോർട്ടുകൾ വന്നിരുന്നു. അതേസമയം ചർച്ചയുടെ തീയതിയോ സ്ഥലമോ റഷ്യ ഇതുവരെ സ്ഥിരീകരിച്ചിട്ടില്ല. താനും റഷ്യൻ പ്രസിഡൻറ് വ്ളാഡിമിർ പുടിനും തമ്മിലുള്ള കൂടിക്കാഴ്ച ഏവരും പ്രതീക്ഷയോടെയാണ് കാണുന്നതെന്നും അടുത്ത വെള്ളിയാഴ്ച അലാസ്കയിൽ ചർച്ച നടക്കുംമെന്നും ട്രംപ് വ്യക്തമാക്കി.

# ഓപ്പറേഷൻ അഖൽ: എട്ടാം ദിവസവും ഏറ്റുമുട്ടൽ തുടരുന്നു

ശ്രീനഗർ: ജമ്മുകാഷ്മീരിലെ കുൽഗാമിൽ ഭീകരരും സുരക്ഷാ സേനയും തമ്മിലുള്ള ഏറ്റുമുട്ടൽ എട്ടാം ദിവസവും തുടരുന്നു. കഴിഞ്ഞ വെള്ളിയാഴ്ച മുതൽ പുൽവാമയിലെ അഖൽ വനത്തിൽ ആരംഭിച്ച ഏറ്റുമുട്ടലിൽ ഇതുവരെ അഞ്ചു ഭീകരരെ വധിച്ചു. ഓപ്പറേഷനിൽ ഏഴ് സുരക്ഷാ സേനാംഗങ്ങൾക്ക് പരിക്കേറ്റതായി ഉദ്യോഗസ്ഥർ കൂട്ടിച്ചേർത്തു. സൈന്യവും സിആർപിഎഫും ജമ്മുകാഷ്മീർ പോലീസും സംയുക്തമായാണ് ഭീകരവിരുദ്ധ ദൗത്യം നടത്തുന്നത്. വനമേഖലയിലെ ദുർഘടമായ പ്രദേശത്ത് തീവ്രവാദികളെ കണ്ടെത്താൻ സുരക്ഷാ സേന ഡ്രോണുകളും ഹെലികോപ്റ്ററുകളും ഉപയോഗിക്കുന്നുണ്ട്. വനത്തിൽ ഭീകരവാദികളുണ്ടെന്ന രഹസ്യവിവരത്തെ തുടർന്നാണ് സൈനിക നടപടി തുടങ്ങിയത്. 'ഓപ്പറേഷൻ അഖൽ' എന്ന് പേരിട്ടാണ് ഭീകരവിരുദ്ധ നടപടി ആരംഭിച്ചത്. ഈ വർഷം കാഷ് മീർ താഴ്വരയിൽ നടന്ന ഏറ്റവും ദൈർഘ്യമേറിയ ഭീകരവിരുദ്ധ ഓപ്പറേഷനാണിത്.

# ഗാസയെ 'വംശീയമായി ശുദ്ധീകരിക്കാൻ' ഇസ്രായേൽ ശ്രമിക്കുന്നതായി ഇറാൻ

ടെഹ്റാൻ: ഗാസ നഗരത്തിന്റെ നിയന്ത്രണം ഏറ്റെടുക്കുന്നതുൾപ്പെടെയുള്ള ഇസ്രയേലിന്റെ പുതുക്കിയ യുദ്ധ പദ്ധതിയെ ഇറാൻ വിദേശകാര്യ മന്ത്രാലയം അപലപിച്ചു,

പലസ്തീൻ പ്രദേശത്തെ 'വംശീയമായി ശുദ്ധീകരിക്കാൻ' ഇസ്രയേൽ ശ്രമിക്കുന്നുവെന്ന് ഇറാൻ ആരോപിച്ചു.

ഇസ്രായേൽ പ്രഖ്യാപിച്ച പദ്ധതി ഗാസയെ വംശീയമായി ശുദ്ധീകരിക്കാനും പലസ്തീനികൾക്കെതിരെ വംശഹത്യ നടത്താനുമുള്ള സയണിസ്റ്റ് ഭരണകൂടത്തിന്റെ ഉദ്ദേശത്തിന്റെ മറ്റൊരു വ്യക്തമായ അടയാളമാണെന്ന് ഇറാൻ വിദേശകാര്യ മന്ത്രാലയ വക്താവ് എസ്മയിൽ ബഖായ് പ്രസ്താവനയിൽ പറഞ്ഞു.

# ട്രംപ് മധ്യസ്ഥത വഹിച്ചു; അസർബൈജാൻ - അർമീനിയ സമാധാനക്കരാർ ഒപ്പുവച്ചു

വാഷിംഗ്ടൺ: യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപിന്റെ മധ്യസ്ഥതയെ തുടർന്ന് അസർബൈജാനും അർമീനിയയും തമ്മിൽ പതിറ്റാണ്ടുകൾ നീണ്ട സംഘർഷത്തിന് അവസാനം കുറിച്ച് സമാധാനക്കരാർ ഒപ്പുവച്ചു. അർമീനിയ പ്രധാനമന്ത്രി നീക്കോൾ പഷിൻയാനും അസർബൈജാൻ പ്രസിഡൻറ് ഇൽഹാം അലിയേവും തമ്മിൽ വൈറ്റ് ഹൗസിൽവച്ചാണ് കരാർ ഒപ്പുവച്ചത്.

ഊർജ, വാണിജ്യ, നിർമിതബുദ്ധി ഉൾപ്പെടെയുള്ള സാങ്കേതികവിദ്യ മേഖലകളിൽ സഹകരണം വർധിപ്പിക്കാൻ ഇരുരാജ്യങ്ങളുമായി യുഎസ് കരാറുകൾ ഒപ്പുവച്ചു. പ്രതിരോധ സഹകരണത്തിൽ അസർബൈജാന് ഏർപ്പെടുത്തിയിരുന്ന ഉപരോധം യുഎസ് പിൻവലിച്ചു. സമാധാന കരാർ ഒപ്പിട്ടതോടെ മൂന്നു പതിറ്റാണ്ടിലേറെ പ്രദേശിക തർക്കങ്ങളിൽ അകപ്പെട്ടിരിക്കുന്ന ഇരു രാജ്യങ്ങൾക്കിടയിൽ ഒരു ഗതാഗത ഇടനാഴിക്ക് തുടക്കമാകും.

സംയുക്ത പ്രഖ്യാപനത്തിൽ ഒപ്പുവയ്ക്കാൻ വാഷിംഗ്ടണിലെത്തിയ അസർബൈജാൻ പ്രസിഡൻറ് ഇൽഹാം അലിയേവിനെയും അർമീനിയ പ്രധാനമന്ത്രി നീക്കോൾ പഷിൻയാനെയും ട്രംപ് അഭിനന്ദിച്ചു. 35 വർഷത്തോളം ഇവർ ശത്രുതയിലായിരുന്നു. ഇപ്പോൾ ഇവർ സുഹൃത്തുക്കളാണ്. ഇനിയും ഒരുപാട് കാലം ഇവർ സുഹൃത്തുക്കളായിരിക്കുമെന്നും ട്രംപ് പറഞ്ഞു.

# ഒഡീഷയിൽ കൗമാരക്കാരിയെ പീഡിപ്പിക്കാൻ ശ്രമം: കാമുകൻ അറസ്റ്റിൽ; സുഹൃത്തുക്കൾ ഒളിവിൽ

ഭുവനേശ്വർ: ഒഡീഷയിലെ മയൂർഭഞ്ച് ജില്ലയിൽ പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ തട്ടിക്കൊണ്ടുപോയി പീഡിപ്പിക്കാൻ ശ്രമം. ഓഗസ്റ്റ് നാലിനാണ് സംഭവം. ട്യൂഷൻ ക്ലാസിന് പോവുകയായിരുന്ന കൗമാരക്കാരിയെ കാമുകൻ പ്രജ്ഞാസു ദാസ് ബാബുവും നാല് സുഹൃത്തുക്കളും ചേർന്ന് സമീപത്തെ വനമേഖലയിലേക്ക് കൊണ്ടുപോവുകയായിരുന്നു. ഇവിടെ വച്ച് സംഘം പെൺകുട്ടിയെ പീഡിപ്പിക്കാൻ ശ്രമിച്ചുവെങ്കിലും പെൺകുട്ടി രക്ഷപെട്ട് ഓടി വീട്ടിലെത്തുകയായിരുന്നു. തുടർന്ന് മാതാപിതാക്കളോട് ഇതേക്കുറിച്ചു പറഞ്ഞു. തുടർന്ന് പ്രജ്ഞാസു ദാസ് ബാബുവിനും സുഹൃത്തുക്കൾക്കുമെതിരെ ഉദാല പോലീസ് സ്റ്റേഷനിൽ തട്ടിക്കൊണ്ടുപോകലിനും പീഡന ശ്രമത്തിനും പരാതി നൽകി. പ്രജ്ഞാസു ദാസ് ബാബുവിനെ പോലീസ് അറസ്റ്റ് ചെയ്തു. ഇയാളെ കോടതിയിൽ ഹാജരാക്കി. ഒളിവിൽ പോയ മറ്റ് നാല് പ്രതികൾക്കായി തിരച്ചിൽ ആരംഭിച്ചു.

# യുകെയിൽ മലയാളി യുവാവ് തൂങ്ങി മരിച്ച നിലയിൽ

ലണ്ടൻ: യുകെയിൽ മലയാളി യുവാവിനെ മരിച്ച നിലയിൽ കണ്ടെത്തി. തിരുവനന്തപുരം ചിറയിൻകീഴ് ഞാറയിൽകോണം സ്വദേശി വൈഷ്ണവ് വേണുഗോപാൽ (26) ആണ് മരിച്ചത്. യുകെയിലെ സൗത്ത് യോർക്ക്ഷെയറിന് സമീപമുള്ള റോഥർഹാമിലെ താമസ സ്ഥലത്താണ് കെയർ ഹോം ജീവനക്കാരനായ യുവാവിനെ മരിച്ച നിലയിൽ കണ്ടെത്തിയത്. ജോലിക്ക് എത്താതിരുന്നതിനെ തുടർന്ന് കെയർ ഹോം ജീവനക്കാർ അന്വേഷിച്ച് എത്തിയപ്പോൾ തൂങ്ങി മരിച്ച നിലയിൽ വീടിനുള്ളിൽ കണ്ടെത്തുകയായിരുന്നു.

ജീവനക്കാർ അറിയിച്ചതിനെ തുടർന്ന് മെക്സ്ബറോ പോലീസ് ഉടൻ തന്നെ സ്ഥലത്ത് എത്തി തുടർ നടപടികൾ സ്വീകരിച്ചു. തൂങ്ങി മരിച്ച നിലയിൽ കണ്ടെത്തിയതിനാൽ ആത്മഹത്യയാകാം എന്നാണ് പ്രാഥമിക നിഗമനം.

2021 ഭാര്യ അഷ്ടമി സതീഷ് വിദ്യാർഥി വീസയിൽ യുകെയിൽ എത്തിയതിനെ തുടർന്നാണ് വൈഷ്ണവും യുകെയിൽ എത്തുന്നത്. തുടർന്ന് രണ്ട് വർഷം മുൻപാണ് കെയർ ഹോമിൽ ഹെൽത്ത് കെയർ അസിസ്റ്റൻറ് വീസ ലഭിക്കുന്നത്. കഴിഞ്ഞ ചൊവ്വാഴ്ചയാണ് വൈഷ്ണവിനെ മരിച്ച നിലയിൽ കണ്ടെത്തിയതായി മെക്സ്ബറോ പോലീസ് നാട്ടിലുള്ള ബന്ധുക്കളെ വിവരം അറിയിക്കുന്നത്.

# കുൽഗാമിൽ ഏറ്റുമുട്ടൽ; രണ്ട് സൈനികർക്ക് വീരമൃത്യു

ശ്രീനഗർ: ജമ്മുകാഷ്മീരിലെ കുൽഗാമിൽ ഭീകരരുമായുണ്ടായ ഏറ്റുമുട്ടലിൽ രണ്ട് സൈനികർക്ക് വീരമൃത്യു. രണ്ട് സൈനികർക്ക് പരിക്കേറ്റു. ലാൻസ് നായിക് പ്രിതിപാൽ സിംഗ്, ശിപായി ഹർമിന്ദർ സിംഗ് എന്നിവരാണ് വീരമൃത്യുവരിച്ചത്. ഇരുവരുടെയും ഉന്നതമായ ത്യാഗത്തിനും ധീരതയും അർപ്പണബോധവും എന്നെന്നും പ്രചോദനമായി തുടരുമെന്ന് ചിനാർ കോർപ്സ് അറിയിച്ചു.

അതേസമയം, ഓപ്പറേഷൻ അഖാലിന്റെ ഭാഗമായി അഞ്ച് ഭീകരരെ സുരക്ഷാസേന വധിച്ചിരുന്നു. ഇതിൽ മൂന്നുപേർ പഹൽഗാം ഭീകരാക്രമണത്തിൽ നേരിട്ട് പങ്കെടുത്തവരാണ്. ഓഗസ്റ്റ് ഒന്നിനാണ് ദക്ഷിണ കാഷ്മീരിലെ അഖാലിൽ സുരക്ഷാ സേന ഭീകരവിരുദ്ധ ദൗത്യം ആരംഭിച്ചത്. സമീപകാലത്ത് നടന്ന ഏറ്റവും ദൗർഘ്യമേറിയ ഭീകരവിരുദ്ധ ദൗത്യമാണ് ഓപ്പറേഷൻ അഖാൽ.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

NAUTICAL TIMES
KERALA



# സംസ്ഥാന സർക്കാർ ആരുമായും കരാർ ഒപ്പിട്ടിട്ടില്ല; മറുപടിയുമായി കായിക മന്ത്രി

തിരുവനന്തപുരം: അർജൻറീന ഫുട്ബോൾ ടീമിന്റെ കേരളസന്ദർശനവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ കരാർ ലംഘിച്ചെന്ന എഎഫ്എ മാർക്കറ്റിംഗ് മേധാവി ലിയാൻഡ്രോ പീറ്റേഴ്സന്റെ ആരോപണം നിഷേധിച്ച് കായികമന്ത്രി വി. വി. അബ്ദു റഹ്മാൻ.

സംസ്ഥാന സർക്കാർ ആരുമായും കരാർ ഒപ്പിട്ടിട്ടില്ലെന്നും സ്പോൺസർമാരാണ് അർജൻറീന ടീമുമായി കരാർ ഒപ്പിട്ടിട്ടുള്ളതെന്നും മന്ത്രി പറഞ്ഞു. കരാറിലുള്ള വിവരങ്ങൾ പുറത്തുവിടരുതെന്ന് കരാറിൽ തന്നെയുണ്ട്. അങ്ങനെ അദ്ദേഹം പറഞ്ഞിട്ടുണ്ടെങ്കിൽ അതാണ് ഏറ്റവും വലിയ കരാർ ലംഘനം. കേരളം കരാർ ലംഘിച്ചു എന്ന് എങ്ങനെയാണ് അദ്ദേഹം പറയുകയെന്നും മന്ത്രി ചോദിച്ചു.

ഇപ്പോൾ ഏതോ ഒരു വാട്സ്ആപ്പ് ചാറ്റുമായിട്ടാണ് വന്നിട്ടുള്ളത്. ലിയാൻഡ്രോ എന്നുപറയുന്ന ആൾ അവരുടെ മാർക്കറ്റിംഗ് ഹെഡാണ്. അദ്ദേഹമാണ് അർജൻറീന ടീമുമായി ബന്ധപ്പെട്ട കാര്യങ്ങൾ നടത്തുന്നത്. എന്നാൽ ഇത് ഒപ്പുവെച്ചിട്ടുള്ളത് അർജൻറീന ഫുട്ബോൾ അസോസിയേഷന്റെ പ്രസിഡൻറാണ്.

അവർ തമ്മിലാണ് കരാർ. കഴിഞ്ഞ ദിവസം സ്പോൺസർമാർ തന്നെ പറഞ്ഞു ഈ ഒക്ടോബർ-നവംബർ വിൻഡോയിൽ വരാനാവില്ല എന്ന് അറിയിച്ചിട്ടുണ്ടെന്ന്. 2026 ലോകകപ്പിന് മുന്നോടിയായി പഴയ ലോകകപ്പ് ടീമിനെ കൊണ്ടുവരാമെന്നാണ് പറഞ്ഞിട്ടുള്ളത്. എന്നാൽ ആ വർഷം പുതിയ സർക്കാർ വരും. സംവിധാനങ്ങൾ മാറും. അതിൽ ഈ സ്പോർട്സ് മന്ത്രി ഉണ്ടായിരിക്കണമെന്നില്ല. ഇടതുപക്ഷ സർക്കാർ തന്നെയാവും വരുക. എന്നാൽ അതിൽ സ്പോൺസർക്ക് താത്പര്യക്കുറവുണ്ടായി. അത് അവരെ അറിയിച്ചു. ഇതാണ് അനാവശ്യമായി വിവാദത്തിലേക്ക് കൊണ്ടുപോകന്നത്. - മന്ത്രി പറഞ്ഞു.




സുസ്ഥിര വികസന പദ്ധതികളുടെ ഭാഗമായി തിരുവനന്തപുരം നഗരസഭ നടപ്പിലാക്കുന്ന സീഡ് ബോൾ നിർമ്മാണത്തിന്റെ ഉദ്ഘാടനവും ഗ്രീൻ ബജറ്റ് 2025 ന്റെ പ്രകാശനവും മുഖ്യമന്ത്രി പിണറായി വിജയൻ പുത്തരിക്കണ്ടം മൈതാനത്തു നിർവഹിക്കുന്നു

# കോട്ടയത്ത് വില്ലയിൽ വൻ കവർച്ച; 50 പവനും പണവും മോഷ്ടിച്ചു

കോട്ടയം: കഞ്ഞിക്കുഴി മാങ്ങാനത്ത് വില്ലയിൽ വൻ കവർച്ച. വയോധികയും മകളും താമസിക്കുന്ന വീട്ടിൽനിന്ന് 50 പവനും പണവുമാണ് കവർന്നത്. അമ്പുങ്കയത്ത് വീട്ടിൽ അന്നമ്മ തോമസ് (84), മകൾ സ്നേഹ ഫിലിപ്പ് (54) എന്നിവരാണ് വില്ലയിൽ താമസിക്കുന്നത്. സ്നേഹയുടെ ഭർത്താവ് വിദേശത്താണ്. ഇവർ ആശുപത്രിയിൽ പോയ സമയത്ത് വീടിന്റെ വാതിൽ തകർത്താണ് മോഷണം നടന്നത്. കോട്ടയം ഈസ്റ്റ് പൊലീസ് അന്വേഷണം ആരംഭിച്ചു. ശാരീരിക ബുദ്ധിമുട്ടുള്ളയാളാണ് അന്നമ്മ തോമസ്. വെള്ളിയാഴ്ച രാത്രി ഇവർക്ക് ദേഹാസ്വാസ്ഥ്യം ഉണ്ടായി. തുടർന്ന് ആംബുലൻസ് വിളിച്ച് മാങ്ങാനത്തെ ആശുപത്രിയിലേക്ക് കൊണ്ടുപോയി. പുലർച്ചെ ആറോടെ തിരിച്ചെത്തിയപ്പോഴാണ് മോഷണ വിവരം അറിഞ്ഞത്.

21ാം നമ്പർ കോട്ടേജിന്റെ മുൻ വാതിൽ തകർത്ത് അകത്തു കടന്ന മോഷ്ടാവ് മുറിയിലെ സ്റ്റീൽ അലമാരയിൽ സൂക്ഷിച്ചിരുന്ന സ്വർണമാണ് കവർന്നത്. തുടർന്ന് സ്നേഹ വിവരം കോട്ടയം ഈസ്റ്റ് പോലീസിൽ അറിയിക്കുകയായിരുന്നു. ഇന്നലെ രാത്രി രണ്ടിനും പുലർച്ചെ ആറിനും ഇടയിലാണ് മോഷണം നടന്നതെന്നാണ് നിഗമനം. കോട്ടയം ഈസ്റ്റ് പോലീസ് സ്റ്റേഷൻ എസ്എച്ച്ഒ ശ്രീജിത്തിന്റെ നേതൃത്വത്തിലുള്ള പോലീസ് സംഘം സ്ഥലത്ത് എത്തി പരിശോധന നടത്തി. ഫ്ലാറ്റുമായി ബന്ധമുള്ളവരെ പോലീസ് ചോദ്യം ചെയ്യുന്നുണ്ട്.

# 2050 ഓടെ കേരളത്തെ കാർബൺ ന്യൂട്രലാക്കുക ലക്ഷ്യം: മുഖ്യമന്ത്രി

## ഗ്രീൻ ബജറ്റ് മുഖ്യമന്ത്രി പ്രകാശനം ചെയ്തു
## സീഡ് ബോൾ നിർമാണം വേൾഡ് ബുക്ക് ഓഫ് റെക്കോർഡ്സിലേക്ക്

2050 ഓടെ കേരളത്തെ കാർബൺ ന്യൂട്രലാക്കുകയാണ് ലക്ഷ്യമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സുസ്ഥിര വികസന പദ്ധതികളുടെ ഭാഗമായി തിരുവനന്തപുരം നഗരസഭ നടപ്പിലാക്കുന്ന സീഡ് ബോൾ നിർമ്മാണത്തിന്റെ ഉദ്ഘാടനവും ഗ്രീൻ ബജറ്റ് 2025 ന്റെ പ്രകാശനവും പുത്തരിക്കണ്ടം മൈതാനത്തു നിർവഹിച്ചു സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

കേരളത്തിൽ ആദ്യമായി ഗ്രീൻ ബജറ്റ് നടപ്പാക്കുന്ന നഗരം എന്ന സ്ഥാനം തിരുവനന്തപുരം സ്വന്തമാക്കുകയാണ്. കാർബൺ ബഹിർഗമനത്തെ പരിമിതപ്പെടുത്താനായി നഗരത്തിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങളാണ് ഗ്രീൻ ബജറ്റിൽ വ്യക്തമാക്കുന്നത്. ഇത് മറ്റു തദ്ദേശ സ്ഥാപനങ്ങൾക്ക് മാതൃകയാണ്. കാലാവസ്ഥാ വ്യതിയാനം, പ്രകൃതി ക്ഷോഭം തുടങ്ങിയ ഒട്ടേറെ വിഷയങ്ങളെക്കുറിച്ച് ലോകത്തെമ്പാടും ചർച്ചകൾ നടക്കുന്നുണ്ട്. എന്നിരുന്നാലും കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കുന്നതിന് പൊതുവായ യോജിപ്പ് അന്താരാഷ്ട്ര തലത്തിൽ ഉയർന്നു വരുന്നില്ല. യുഎൻ ക്ലൈമറ്റ് ചെയ്ഞ്ച് കോൺഫറൻസിലും വ്യക്തമായ മാർഗരേഖകളൊന്നും രൂപീകരിച്ചില്ല. അതിനൊന്നും കാത്തുനിൽക്കാതെയാണ് നാം നടപടികളിലേക്ക് കടക്കുന്നതെന്ന് മുഖ്യമന്ത്രി പറഞ്ഞു.

ഇലക്ട്രിക് വാഹനങ്ങൾക്ക് പ്രോത്സാഹനം നൽകുന്നുണ്ട്. ഗ്രീൻ ഹൈഡ്രജൻ ഹബ്ബുകളും പുനരുപയോഗ ഊർജ സ്രോതസുകളും ഉപയോഗപ്പെടുത്തുന്നുണ്ട്. തിരുവനന്തപുരത്തെ സോളാർ നഗരമാക്കുന്നതിനുള്ള നഗരസഭയുടെ പ്രവർത്തനം അഭിനന്ദനീയമാണ്. 125 കോടി രൂപ ചെലവിലാണ് സർക്കാർ ഓഫീസ് കെട്ടിടങ്ങളിൽ നഗരസഭ സൗരോർജ പാനലുകൾ സ്ഥാപിക്കുന്നത്. ഇലക്ട്രിക് ബസ് വാങ്ങാനായി. 100 ഇലക്ട്രിക് ഓട്ടോറിക്ഷകൾ നഗരസഭ വാങ്ങി വിതരണം ചെയ്തു. ഇത്തരത്തിലുള്ള പ്രവർത്തനങ്ങളിലൂടെ അതിവേഗം വികസിക്കുന്ന നഗരങ്ങളിൽ ഒന്നാമതാകാൻ തിരുവനന്തപുരത്തിന് കഴിയുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

സീഡ് ബോൾ കാംപെയിൻ ആറായിരം വിദ്യാർഥികളെ പങ്കെടുപ്പിക്കാനാണ് തീരുമാനിച്ചത്. എന്നാൽ ആയിരം വിദ്യാർത്ഥികൾ അധികമായെത്തുകയും ഇവർ തയ്യാറാക്കിയ സീഡ് ബോളുകൾ ഗ്രീൻ ട്രിവാൻഡ്രം എന്ന ആശയം മുൻനിർത്തി ഓഫീസ് പരിസരങ്ങളിലും തരിശുഭൂമിയിലുമാണ് നിക്ഷേപിക്കുന്നത്. നാലു ലക്ഷം സീഡ് ബോളുകൾ നഗരത്തിന്റെ വിവിധ ഇടങ്ങളിൽ നിക്ഷേപിക്കുന്നതിലൂടെ നമ്മുടെ നാട്ടിൽ വൻതോതിൽ മരങ്ങൾ വളരാനിടയാകും.

ഇത്തരത്തിൽ പാരിസ്ഥിതിക വെല്ലുവിളികളെ അതിജീവിക്കുന്നതിനായി നാം ഏറ്റെടുത്തു നടത്തുന്ന പ്രവർത്തനങ്ങളിലൂടെ നല്ല തോതിൽ പരിസ്ഥിതി സൗഹൃദ അവബോധം സൃഷ്ടിക്കാനാകുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

നഗരസഭ തയ്യാറാക്കിയ ഗ്രീൻ ബജറ്റ് മുഖ്യമന്ത്രി മേയർ ആര്യ രാജേന്ദ്രന് നൽകി പ്രകാശനം ചെയ്തു. തലസ്ഥാനത്തെ കാർബൺ രഹിതമാക്കുന്നതിനായി വിദ്യാർത്ഥികൾ കൈകോർത്ത സീഡ് ബോൾ നിർമ്മാണം വേൾഡ് ബുക്ക് ഓഫ് റെക്കോർഡ്സിലേക്ക് പരിഗണിക്കപ്പെട്ടതിന്റെ പ്രൊവിഷണൽ സർട്ടിഫിക്കറ്റ് വേൾഡ് ബുക്ക് ഓഫ് റെക്കോർഡ്സ് ഇന്ത്യ പ്രതിനിധി റെനീഷ് മേയർ ആര്യ രാജേന്ദ്രന് കൈമാറി.

മേയർ ആര്യ രാജേന്ദ്രൻ അദ്ധ്യക്ഷനായിരുന്ന ചടങ്ങിൽ നഗരസഭ ഡെപ്യൂട്ടി സ്പീക്കർ പി കെ രാജു സ്വാഗതം ആശംസിച്ചു. വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ശ്രീജ ഗോപിനാഥ്,

എച്ച്എൽഎൽ ലൈഫ് കെയർ ലിമിറ്റഡ് ഡെപ്യൂട്ടി വൈസ് പ്രസിഡന്റ് ഡോ. നീരീഷ് പി.എച്ച്, നഗരസഭ സെക്രട്ടറി ജഹാംഗീർ എസ്, സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചെയർപേഴ്സൺമാർ തുടങ്ങിയവർ സംബന്ധിച്ചു.

# അംഗീകാരമില്ലാത്ത 334 പാർട്ടികളെ ഒഴിവാക്കി തെരഞ്ഞെടുപ്പ് കമ്മീഷൻ

ന്യൂഡൽഹി: രാജ്യത്ത് അംഗീകാരമില്ലാത്ത 334 പാർട്ടികളെ രജിസ്ട്രേഡ് പാർട്ടികളുടെ പട്ടികയിൽ നിന്ന് ഒഴിവാക്കിയതായി തെരഞ്ഞെടുപ്പ് കമ്മീഷൻ.

2019 മുതൽ ആറ് വർഷമായി ഒരു തെരഞ്ഞെടുപ്പിലും മത്സരിക്കാത്ത പാർട്ടികളെയാണ് ഒഴിവാക്കിയിരിക്കുന്നത്. ഇതോടെ രാജ്യത്ത് ഇനി ആറ് ദേശീയ പാർട്ടികളും 67 പ്രാദേശിക പാർട്ടികളുമാണ് ഉണ്ടാകുക. രജിസ്ട്രേർഡ് പട്ടികയിൽ നിന്നും ഒഴിവാക്കിയ പാർട്ടികളുടെ ഓഫീസ് നിലവിൽ എവിടെയും പ്രവർത്തിക്കുന്നില്ലെന്നും ഇത് സംബന്ധിച്ച ഉത്തരവിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. വിവിധ സംസ്ഥാനങ്ങളിൽ നിന്നുമുള്ള പാർട്ടികളെയാണ് പട്ടികയിൽ നിന്നും ഒഴിവാക്കിയത്. കേരളത്തിൽ നിന്ന് ഏഴ് പാർട്ടികളെയാണ് ഒഴിവാക്കിയിരിക്കുന്നത്.

ദേശീയ പ്രജ സോഷ്യലിസ്റ്റ് പാർട്ടി, നാഷണൽ ഡെമോക്രാറ്റിക് പാർട്ടി (സെക്കുലർ), നേതാജി ആദർശ് പാർട്ടി, റെവല്യൂഷണറി സോഷ്യലിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്), റെവല്യൂഷണറി സോഷ്യലിസ്റ്റ് പാർട്ടി ഓഫ് കേരള (ബോൾഷെവിക്), സെക്കുലർ റിപ്പബ്ലിക്കൻ ഡെമോക്രാറ്റിക് പാർട്ടി, സോഷ്യലിസ്റ്റ് റിപ്പബ്ലിക്കൻ പാർട്ടി എന്നിവയാണ് കേരളത്തിൽ നിന്നുള്ള ഒഴിവാക്കിയ പാർട്ടികൾ. ആന്ധ്ര പ്രദേശ്-അഞ്ച്, അരുണാചൽ പ്രദേശ് -ഒന്ന്, ബിഹാർ-17,ഛണ്ഡീഗഡ്-രണ്ട്, ഛത്തീസ്ഗഡ് - ഒമ്പത്, ഡൽഹി-27,ഗോവ-നാല്, ഗുജറാത്ത്-11,ഹരിയാന-21,ജമ്മുകാഷ്മീർ-മൂന്ന്, ജാർഖണ്ഡ്-അഞ്ച്, കർണാടക-12,മധ്യപ്രദേശ്-15,മഹാരാഷ്ട്ര-ഒമ്പത്, ഒഡീഷ-അഞ്ച്, പോണ്ടിച്ചേരി-ഒന്ന്, പഞ്ചാബ്-എട്ട്, രാജസ്ഥാൻ -ഏഴ്, തമിഴ്നാട്-22,തെലങ്കാന-13,ഉത്തർപ്രദേശ് -115,ഉത്തരാഖണ്ഡ്-ആറ്, പശ്ചിമ ബംഗാൾ-ഏഴ് എന്നിങ്ങനെയാണ് ഒഴിവാക്കിയ പാർട്ടികളുടെ എണ്ണം. ---

# മെസിയുടെ കേരള സന്ദർശനം; സർക്കാരിനെതിരെ അർജൻറീന ഫുട്ബോൾ അസോസിയേഷൻ

കൊച്ചി: ലയണൽ മെസിയുടെ കേരള സന്ദർശനവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിനെതിരെ അർജൻറീന ഫുട്ബോൾ അസോസിയേഷൻ.

സന്ദർശനവുമായി ബന്ധപ്പെട്ട കരാർ സർക്കാർ പാലിച്ചില്ലെന്ന് അസോസിയേഷൻ പ്രതിനിധി ലിയാൻഡ്രോ പീറ്റേഴ്സൻ പറഞ്ഞു.

അർജൻറീന ടീമിനെ കേരളത്തിലേക്ക് കൊണ്ടുവരുന്നതുമായി ബന്ധപ്പെട്ട് കായിക മന്ത്രി കൂടിക്കാഴ്ച നടത്തിയത് എഎഫ്എയുടെ ചീഫ് കൊമേഴ്സ്യൽ ആൻഡ് മാർക്കറ്റിംഗ് ഓഫീസർ കൂടിയായ പീറ്റേഴ്സനുമായിട്ടാണ്. അദ്ദേഹമാണ് സർക്കാരിനെതിരെ ഇപ്പോൾ രംഗത്തു വന്നിരിക്കുന്നത്. മെസിയും സംഘവും ഈ വർഷം ഒക്ടോബറിൽ കേരളത്തിൽ എത്തി അന്താരാഷ്ട്ര പോരാട്ടം കളിക്കുമെന്നായിരുന്നു മന്ത്രി വ്യക്തമാക്കിയത്.

ഒക്ടോബറിൽ കേരളം സന്ദർശിക്കാൻ അസോസിയേഷൻ അനുമതി നൽകിയെന്ന തരത്തിലുള്ള വിവരങ്ങൾ പീറ്റേഴ്സൻ തള്ളി. ഇതുമായി ബന്ധപ്പെട്ട കരാർ പാലിക്കുന്നതിൽ സംസ്ഥാന സർക്കാർ വീഴ്ച വരുത്തിയെന്നാണ് പീറ്റേഴ്സൻ പറയുന്നത്. കരാർ ലംഘനം ഏതു തരത്തിലുള്ളതാണെന്നു വിശദമാക്കാൻ പീറ്റേഴ്സൻ തയാറായില്ല എന്നാണ് പുറത്തു വരുന്ന റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്.

# വേടനായി അന്വേഷണം കേരളത്തിന് പുറത്തേക്കും

കൊച്ചി: ലൈംഗിക പീഡന പരാതിക്ക് പിന്നാലെ ഒളിവിൽപോയ റാപ്പർ വേടനായുള്ള അന്വേഷണം ഊർജിതമാക്കി പോലീസ്. സംസ്ഥാനത്തിന് പുറത്തേക്കും അന്വേഷണം വ്യാപിപ്പിച്ചു. വേടൻ ഒളിവിൽ തുടരുന്ന സാഹചര്യത്തിൽ മുൻകൂർ ജാമ്യാപേക്ഷ കോടതി പരിഗണിക്കുന്നതുവരെ കാത്തിരിക്കേണ്ടതില്ല എന്ന തീരുമാനത്തിലാണിത്. അതിനിടെ കേസിൽ സാക്ഷികളുടെ മൊഴി രേഖപ്പെടുത്തി തുടങ്ങിയതായി കൊച്ചി സിറ്റി പോലീസ് കമ്മീഷണർ പുട്ട വിമലാദിത്യ പറഞ്ഞു.

വേടന്റെ ടവർ ലോക്കേഷൻ കേന്ദ്രീകരിച്ചാണ് അന്വേഷണം. ഇയാൾ പോകാൻ സാധ്യതയുള്ള സ്ഥലങ്ങളിലും പോലീസ് പരിശോധന നടത്തിവരികയാണ്. 2021 ഓഗസ്റ്റ് മുതൽ 2023 മാർച്ച് വരെയുള്ള കാലയളവിൽ കോഴിക്കോടും കൊച്ചിയിലുമടക്കം അഞ്ചിടങ്ങളിലെത്തിച്ച് പീഡിപ്പിച്ചെന്നും പിന്നീട് വിവാഹം കഴിക്കാതെ ഒഴിവാക്കിയെന്നുമാണ് കോട്ടയം സ്വദേശിനിയും ഡോക്ടറുമായ യുവതിയുടെ പരാതി. തൃക്കാക്കര എസിപിയുടെ നേതൃത്വത്തിലുള്ള സംഘമാണ് കേസ് അന്വേഷിക്കുന്നത്.

# ബ്രഹ്മോസ് നിർമാണ കേന്ദ്രം നിലനിർത്തണമെന്ന് ആവശ്യപ്പെട്ട് കേന്ദ്രത്തിന് കത്തെഴുതി മുഖ്യമന്ത്രി

തിരുവനന്തപുരം: തിരുവനന്തപുരത്തെ ബ്രഹ്മോസ് എയറോസ്പേസ് നിർമാണ സ്ഥാപനം നിലനിർത്തണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര പ്രതിരോധ മന്ത്രി രാജ്നാഥ് സിംഗിന് മുഖ്യമന്ത്രി പിണറായി വിജയൻ കത്തെഴുതി. ഐഎസ്ആർഒ, ഡിആർഡിഒ തുടങ്ങിയ സ്ഥാപനങ്ങളുടെ ദൗത്യങ്ങൾക്ക് പിൻബലമായി പ്രവർത്തിച്ചുവരുന്ന സ്ഥാപനമാണ് തിരുവനന്തപുരത്തുള്ള ബ്രഹ്മോസ് എയറോസ്പേസ് തിരുവനന്തപുരം ലിമിറ്റഡിനെ മാതൃകന്പനിയായ ബ്രഹ്മോസ് എയറോസ്പേസ് പ്രൈവറ്റ് ലിമിറ്റഡിൽ നിന്ന് വേർപെടുത്താൻ കേന്ദ്ര പ്രതിരോധ മന്ത്രാലയം നടപടി ആരംഭിച്ചിരിക്കുന്നു വിവരം ആശങ്കജനകമാണെന്നു കത്തിൽ മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി. സംസ്ഥാനത്തിന്റെ മുൻനിര എൻജിനീയറിംഗ് സ്ഥാപനമായിരുന്ന കേരള ഹൈടെക് ഇൻഡസ്ട്രീസ് ലിമിറ്റഡ് 2007ൽ ബ്രഹ്മോസ് എയ്റോസ്പേസ് പ്രൈവറ്റ് ലിമിറ്റഡിന് കൈമാറിയതോടെയാണ് ഇന്ത്യയുടെ പ്രതിരോധ ഉത്പാദന രംഗത്തെ പ്രധാന പങ്കാളിയായി മാറിയത്. തദ്ദേശീയ നിർമാണ സംവിധാനങ്ങളെ സംരക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുന്ന സംസ്ഥാനത്തെ വ്യവസായ വികസനത്തിന് അത്യന്താപേക്ഷിതമാണെന്നും തിരുവനന്തപുരത്തെ ബ്രഹ്മോസ് നിർമാണ സംവിധാനത്തെ നിലനിർത്തണമെന്നും മാതൃകന്പനിയിൽ നിന്നു വേർപെടുത്താനുള്ള നീക്കം കേന്ദ്രസർക്കാർ റദ്ദാക്കണമെന്നും മുഖ്യമന്ത്രി കത്തിൽ ആവശ്യപ്പെട്ടു.

# ആരൊക്കെ സഹായിച്ചു..; ഗോവിന്ദ ചാമിയെ വീണ്ടും ചോദ്യം ചെയ്യും

തൃശൂർ: കണ്ണൂർ സെൻട്രൽ ജയിലിൽ നിന്ന് രക്ഷപെടാൻ ശ്രമിച്ച പ്രതി ഗോവിന്ദച്ചാമിയെ പോലീസ് വീണ്ടും ചോദ്യം ചെയ്യും. വിയ്യൂർ സെൻട്രൽ ജയിലിൽ വച്ച് ചോദ്യം ചെയ്യാൻ ആണ് പോലീസ് തീരുമാനം.

കോടതി അനുമതിയോടെയാകും വിശദമായ ചോദ്യം ചെയ്യൽ. ജയിൽ ചാടാനായി ആരൊക്കെ സഹായിച്ചു, വിവരങ്ങൾ ആരൊക്കെ അറിഞ്ഞു എന്നത് ഏറെ നിർണായകമാണ്. ജയിൽ ചാടുന്നതിന് മുൻപ് ഫോണിൽ സംസാരിച്ച ഷെൽവത്തെയും പോലീസ് ചോദ്യം ചെയ്യും.

ജയിലിലെ നാല് തടവുകാർക്ക് ജയിൽ ചാട്ടത്തിനെ പറ്റി മുൻപേ അറിയാമായിരുന്നു. അതിനാൽ സഹ തടവുകാരായ തേനി സുരേഷ് ശിഹാബ്, സാബു, വിശ്വനാഥൻ എന്നിവരെയും ചോദ്യം ചെയ്യും.

കണ്ണൂർ സിറ്റി പോലീസ് ശാസ്ത്രീയ തെളിവുകൾ ശേഖരിച്ചിട്ടുണ്ട്. കമ്മീഷണർ നിതിൻ രാജിന്റെ നേതൃത്വത്തിൽ തെളിവുകൾ വിലയിരുത്തി.

കഴിഞ്ഞ മാസം 25 നാണ് ഗോവിന്ദച്ചാമി കണ്ണൂർ സെൻട്രൽ ജയിലിൽ നിന്നും രക്ഷപെടാൻ ശ്രമിച്ചത്. പുലർച്ചെ പരിശോധനയ്ക്കായി ഉദ്യോഗസ്ഥർ എത്തിയപ്പോഴാണ് ഗോവിന്ദച്ചാമിയെ കാണാതായതായി മനസ്സിലാക്കുന്നത്.

അതീവ സുരക്ഷാ ജയിൽ ഉള്ള പത്താം ബ്ലോക്കിൽ നിന്നാണ് ഗോവിന്ദച്ചാമി ചാടിപ്പോയത്. പിന്നീട് തളാപ്പിലെ ആളൊഴിഞ്ഞ പറമ്പിലെ കിണറ്റിനുള്ളിൽ നിന്ന് ഇയാളെ കണ്ടെത്തുകയായിരുന്നു. കിണറ്റിൽ ഒളിഞ്ഞിരിക്കുകയായിരുന്നു ഗോവിന്ദച്ചാമി.

# കുണ്ടന്നൂരിൽ മദ്യലഹരിയിൽ അപകടയാത്ര; 15 ഇരുചക്രവാഹനങ്ങൾ ഇടിച്ചുതെറുപ്പിച്ചു

കൊച്ചി: എറണാകുളം കുണ്ടന്നൂർ കഫേ ജംഗ്ഷനിൽ മദ്യലഹരിയിൽ യുവാവിന്റെ അപകടയാത്ര. സംഭവത്തിൽ കൊല്ലം സ്വദേശി മഹേഷ് പെൺസുഹൃത്ത് എന്നിവരെ പോലീസ് കസ്റ്റഡിയിലെടുത്തു.

വെള്ളിയാഴ്ച രാത്രി 11.30ഓടെയാണ് സംഭവം. മഹേഷ് ഓടിച്ച കാർ ഇടിച്ച് 15 ഇരുചക്രവാഹനങ്ങൾക്ക് കേടുപാട് സംഭവിച്ചു. പാർക്ക് ചെയ്തിരുന്ന വാഹനങ്ങളാണ് ഇടിച്ചു തെറുപ്പിച്ചത്.

മദ്യപിച്ച് വാഹനം ഓടിച്ചതിനും അലക്ഷ്യമായി വാഹനം ഓടിച്ച് മറ്റ് വാഹനങ്ങൾ നശിപ്പിച്ചതിനും മരട് പോലീസ് ഇവർക്കെതിരെ കേസെടുത്തു

# ക്രൈസ്തവ വേട്ടയ്ക്ക് ബിജെപി സർക്കാരുകളുടെ ഒത്താശ: സണ്ണി ജോസഫ്

തിരുവനന്തപുരം: ഒഡീഷയിൽ മലയാളികളായ വൈദികർക്കും കന്യാസ്ത്രീകൾക്കുമെതിരെ ബജ്രംഗ്ദൾ പ്രവർത്തകർ നടത്തിയ അക്രമം പ്രതിഷേധാർഹമാണെന്നു കെപിസിസി അധ്യക്ഷൻ സണ്ണി ജോസഫ് എംഎൽഎ.

അക്രമികൾ വൈദികരെയും കന്യാസ്ത്രീകളെയും കൈയേറ്റം ചെയ്യുന്പോൾ പോലീസ് കൈയും കെട്ടി നിൽക്കുന്നു.

ക്രൈസ്തവർക്കെതിരായ ആക്രമണം ബോധപൂർവമാണ്.

ഛത്തീസ്ഗഢിലും രാജസ്ഥാനിലും ഉൾപ്പെടെ ഉത്തരേന്ത്യയിൽ നടക്കുന്ന നിയമവിരുദ്ധ പ്രവർത്തനങ്ങളുടെ തുടർച്ചയാണ് ഒഡീഷയിൽ വൈദികരും കന്യാസ്ത്രീകളും നേരിട്ട അതിക്രമം.

ഇത്തരം സംഭവങ്ങൾ തടയുന്നതിനും ആവർത്തിക്കാതിരിക്കാനും യഥാർഥ കുറ്റവാളികളെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുന്നതിനും കേന്ദ്ര, സംസ്ഥാന സർക്കാരുകൾ ബിജെപിയുടെ രാഷ്ട്രീയ താത്പര്യത്തിന് വഴങ്ങി നടപടിയെടുക്കുന്നില്ലെന്ന് സണ്ണി ജോസഫ് പറഞ്ഞു.

# ട്രാവൽ ആൻഡ് ടൂറിസത്തിൽ എംബിഎ

കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ് (കിറ്റ്സ്) എം.ബി.എ. പ്രോഗ്രാമിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. അൻപതു ശതമാനം മാർക്കോടുകൂടിയ ബിരുദവും ഗങഅഠ/ഇങഅഠ യോഗ്യതയും ഉള്ളവർക്ക് പങ്കെടുക്കാം. അഡ്മിഷനായുള്ള ഗ്രൂപ്പ് ഡിസ്കഷനും ഇൻറർവ്യൂവും ഓഗസ്റ്റ് 11 രാവിലെ 10.30 ന് കിറ്റ്സ് തിരുവനന്തപുരം ക്യാമ്പസിൽ നടക്കും. വിശദവിവരങ്ങൾക്ക്: www.kittsedu.org, 9645176828/ 9446529467.